## കേരള ഗവർണ്ണർ

# ശ്രീ. ആർ. എസ്. ഗവായ്

## 2009 ഫെബ്രുവരി 13-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത
# പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

12-ാം കേരള നിയമസഭയുടെ 2009-ലെ ആദ്യ സമ്മേളനത്തിലേക്ക് നിങ്ങളെ ഓരോരുത്തരേയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

2. ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായി നിരവധി മാതൃകാപരവും ജനക്ഷേമപരവുമായ നിയമനിർമ്മാണങ്ങൾ കൊണ്ടുവന്ന് രാജ്യത്തിനാകെ മാതൃകയായിത്തീർന്ന നിയമസഭയുടെ ഈ സമ്മേളനത്തിലേക്ക് നിങ്ങളെ അഭിവാദ്യം ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

3. ഭീകരവാദവും വർഗ്ഗീയ കലാപങ്ങളും ലോകത്താകെയുള്ള സമാധാന കാംക്ഷികളിലും ജനാധിപത്യ വിശ്വാസികളിലും കടുത്ത ആശങ്ക സൃഷ്ടിച്ച വർഷമാണ് കടന്നുപോയത്. സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ ഇസ്രായേൽ പാലസ്തീനിലെ ജനങ്ങൾക്കെതിരെ തുടരുന്ന പൈശാചികമായ ആക്രമണം കടുത്ത പ്രതിഷേധത്തിനിടവരുത്തി. സ്ത്രീകളും കുട്ടികളുമടക്കം ആയിരക്കണക്കിന് നിരപരാധികളാണ് അവിടെ കൊല്ലപ്പെട്ടത്. പാലസ്തീൻ ജനതയ്ക്ക് നേരെയുള്ള മനുഷ്യത്വരഹിതമായ കടന്നാക്രമണങ്ങൾ അവസാനിപ്പിക്കാൻ അന്താരാഷ്ട്ര സമൂഹത്തിന്റെ ശക്തമായ ഇടപെടൽ ആവശ്യമാണ്. സമാധാനപരമായി ജീവിക്കാൻ വേണ്ടിയുള്ള പാലസ്തീൻ ജനതയുടെ പോരാട്ടങ്ങളോട് എന്റെ സർക്കാർ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

4. പ്രധാന പട്ടണങ്ങളായ ബംഗളൂരുവിലും അഹമ്മദാബാദിലും ഡൽഹിയിലും മാലെഗാവിലും ഗുവഹാത്തിയിലും വൻ ബോംബ് സ്ഫോടനങ്ങളുടെ പരമ്പര ഇക്കഴിഞ്ഞ വർഷം ഉണ്ടായി. ഈ

സ്ഫോടനങ്ങളിൽ നൂറുകണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടു. ഈ സ്ഫോടനങ്ങളുടെ പിന്നിൽ രാജ്യത്തിനകത്തു പ്രവർത്തിക്കുന്ന ദേശവിരുദ്ധ-വർഗ്ഗീയ സംഘടനകളാണെങ്കിൽ 2008 നവംബർ 26-ന് മുംബൈയിൽ നടന്ന ഭീകരാക്രമണത്തിന് പിന്നിൽ ഒരു വിദേശരാജ്യത്തു നിന്ന് വന്ന ചില ഭീകര സംഘങ്ങളായിരുന്നു എന്ന് വ്യക്തമായിട്ടുണ്ട്. രാജ്യത്തെയാകെ നടുക്കിയ ഈ ഭീകരാക്രമണങ്ങളെ ചെറുക്കുന്നതിൽ മലയാളികൾ അടക്കമുള്ള നിരവധി സുരക്ഷാ ഉദ്യോഗസ്ഥർ കൊല്ലപ്പെടുകയുണ്ടായി. ഭീകരവാദികളിൽ നിന്നും രാജ്യത്തെ രക്ഷിക്കാൻ ജീവാർപ്പണം ചെയ്ത ധീരയോദ്ധാക്കളുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു. ഭീകരാക്രമണത്തിലും ബോംബ് സ്ഫോടനങ്ങളിലും മരിച്ച നൂറുകണക്കിന് നിരപരാധികളുടെ കുടുംബാംഗങ്ങളെ സർക്കാർ അനുശോചനം അറിയിക്കുന്നു. രാജ്യത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്ന എല്ലാവിധ വർഗ്ഗീയതയ്ക്കും ഭീകരപ്രവർത്തനത്തിനുമെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടുമെന്ന് എന്റെ സർക്കാർ ഉറപ്പു നൽകുന്നു.

5. ആഗോള സമ്പദ്ഘടനയെ ബാധിച്ച ഗുരുതരമായ മാന്ദ്യം നമ്മുടെ രാജ്യത്തെയും രൂക്ഷമായി ബാധിച്ചിരിക്കുന്നു. എന്നാൽ നമ്മുടെ രാജ്യത്തിന്റെ ധനകാര്യവ്യവസ്ഥ വികസിത മുതലാളിത്ത രാജ്യങ്ങളെ അപേക്ഷിച്ച് താരതമ്യേന മെച്ചപ്പെട്ടതാണ്. ധനകാര്യ മേഖലയിൽ പൊതുമേഖലയുടെ സ്വാധീനവും സർക്കാരിന്റെ കർശന നിയന്ത്രണങ്ങളുമാണ് ഇതിന് കാരണം. എന്നാൽ, ധനകാര്യ മേഖല സ്വകാര്യമേഖലയ്ക്ക് യഥേഷ്ടം തുറന്നു കൊടുക്കാനും നിയന്ത്രണങ്ങൾ എടുത്തുകളയാനും കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾ അവസാനിപ്പിക്കേണ്ടതാണ്. ഊഹക്കച്ചവടത്തിലും ഷെയർമാർക്കറ്റിലും ഊതിവീർപ്പിച്ച കണക്കുകൾ കൊണ്ട് കെട്ടിപ്പൊക്കിയ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ അനിവാര്യമായ തകർച്ചയാണ് നാം കണ്ടത്. ഇക്കാര്യത്തിൽ, കേന്ദ്രസർക്കാർ അടിയന്തിരമായി തിരുത്തൽ നടപടികൾ എടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

6. സമ്പദ്ഘടനയിലുണ്ടായ മാന്ദ്യം കാർഷികമേഖലയേയും കയറ്റുമതിയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇത് വിനോദ സഞ്ചാരമടക്കമുള്ള വിവിധ മേഖലകളെ പ്രതികൂലമായി ബാധിച്ചു കഴിഞ്ഞു. വിദേശമലയാളികളുടെ വരുമാനത്തിലും അവർ നാട്ടിലേക്ക് അയയ്ക്കുന്ന പണത്തിന്റെ തോതിലും ഇടിവു വന്നിട്ടുണ്ട്. റബ്ബറടക്കമുള്ള നാണ്യവിളകളുടെ വില കുത്തനെ ഇടിഞ്ഞത് കർഷകരെ ഏറെ പ്രതികൂലമായി ബാധിച്ചു. പാമോയിലിന്റെ അനിയന്ത്രിത ഇറക്കുമതിയും സബ്സിഡിയും വെളിച്ചെണ്ണയുടെ വിലത്തകർച്ചയ്ക്ക് ഇടയാക്കിയിരിക്കുകയാണ്. തൊഴിലവസരങ്ങൾ വൻതോതിൽ നഷ്ടപ്പെടുന്നതിന് ഇതെല്ലാം ഇടവരുത്തും. സാമ്പത്തിക മാന്ദ്യം മറികടക്കാൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനപരമായ പാക്കേജുകൾ അപര്യാപ്തമാണെന്ന് കാണുന്നു. സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനങ്ങളുടെ നികുതി വരുമാനം കുറയുന്നതുവഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ വിഭവങ്ങളുടെ കുറവ് സംസ്ഥാന സർക്കാരിന് പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നു. ഇതിന് സംസ്ഥാനങ്ങളെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജുകൾ കേന്ദ്രസർക്കാർ അനുവദിക്കേണ്ടതാണ്. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഭവങ്ങൾ വിട്ടുതരേണ്ടതും സംസ്ഥാനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ പലിശ ഒഴിവാക്കി കൊടുക്കേണ്ടതുമാണ്.

7. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാനവർഗ്ഗത്തിന്റെ വരുമാനവും ഉപഭോഗനിലവാരവും വർദ്ധിപ്പിക്കാനുതകുന്ന ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനുപേക്ഷണീയമാണ്. കൃഷിക്കും പശ്ചാത്തല വികസനത്തിനുമുള്ള പൊതുനിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കണം. ആരോഗ്യ വിദ്യാഭ്യാസ ആവശ്യത്തിന് കൂടുതൽ തുക നീക്കിവെക്കണം. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തണം. തൊഴിലും വേതനവും വെട്ടിക്കുറയ്ക്കാതെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് ഉറപ്പുവരുത്തുന്ന നൂതനമായ സാമ്പത്തിക

പാക്കേജുകൾ നടപ്പിലാക്കുന്നതാണ്. എങ്കിൽ മാത്രമേ സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതത്തിൽ നിന്നും സാമാന്യജനങ്ങളെ രക്ഷിക്കാൻ കഴിയൂ. ഈ ദിശയിലുള്ള പ്രവർത്തനങ്ങളുമായാണ് എന്റെ സർക്കാർ മുന്നോട്ടുപോകുന്നത്. സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുന്നു എന്നതിനെ സംബന്ധിച്ച് പഠിക്കാൻ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തുകയും, അവർ ഒരു പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിലെ വിലയിരുത്തലുകളുടെയും പ്രാഥമിക നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിനുള്ള തിരുത്തൽ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനുള്ള സംസ്ഥാന പാക്കേജ് ബജറ്റിൽ പ്രഖ്യാപിക്കുന്നതാണ്. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സാമൂഹ്യ സുരക്ഷയും തൊഴിലും വരുമാനവർദ്ധനവും ലഭിക്കാനുതകുന്ന വൻതോതിലുള്ള നിക്ഷേപവുമാണ് ഈ പാക്കേജിന്റെ മൗലികമായ സവിശേഷത.

8. സാമ്പത്തിക മാന്ദ്യം തുടരുകയും നാണയപ്പെരുപ്പ നിരക്ക് കുറയുകയും ചെയ്തുവെങ്കിലും, ഭക്ഷ്യസാധനങ്ങളുടെയും അവശ്യ സാധനങ്ങളുടെയും വിലയിൽ അതിനനുസരിച്ച് കുറവു വന്നിട്ടില്ല. രൂക്ഷമായ വിലക്കയറ്റം മൂലം ജനങ്ങൾ പൊറുതിമുട്ടുകയാണ്. ക്രൂഡോയിലിന്റെ വില രാജ്യാന്തര വിപണിയിൽ 147 ഡോളർ വരെ ഉണ്ടായിരുന്നത് 40 ഡോളർ ആയി കുറഞ്ഞിട്ടും അതിനനുസരിച്ചുള്ള വിലക്കുറവ് പെട്രോളിയം ഉല്പന്നങ്ങൾക്ക് വരുത്തിയിട്ടില്ല. നാമമാത്രമായ വിലക്കുറവാണ് വരുത്തിയത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില ഗണ്യമായി ഇനിയും കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറായെങ്കിൽ മാത്രമേ, വിലക്കയറ്റത്തിന്റെ കെടുതിയിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം ലഭിക്കുകയുള്ളൂ.

9. കടുത്ത ഭക്ഷ്യക്ഷാമം നേരിടുന്ന കേരളത്തോട് കേന്ദ്രസർക്കാർ അവഗണനയാണ് കാണിക്കുന്നതെന്ന് എന്റെ സർക്കാർ കരുതുന്നു. അൻപതുലക്ഷത്തോളം വരുന്ന എ.പി.എൽ. കാർഡുടമകൾക്ക് വിതരണം ചെയ്യാൻ പ്രതിമാസം ലഭിച്ചിരുന്ന 1,13,000 ടണ്ണോളം അരി വിഹിതമാണ് വെട്ടിക്കുറച്ചത്. ഇത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെയാകെ ബാധിച്ചു. അരിയുടെ ലഭ്യത ഗണ്യമായി കുറഞ്ഞത് ഭക്ഷ്യക്ഷാമത്തിനും പൊതുകമ്പോളത്തിൽ അരിവില കൂടുന്നതിനും ഇടവരുത്തി. ഈ നടപടി തിരുത്തണമെന്നുള്ള സംസ്ഥാനത്തിന്റെ ആവർത്തിച്ചുള്ള ആവശ്യം ഇനിയും കേന്ദ്രസർക്കാർ പൂർണ്ണമായി അംഗീകരിച്ചിട്ടില്ല. മറ്റു സംസ്ഥാനങ്ങളിലെ പൊതു മാർക്കറ്റിൽ നിന്ന് ഉയർന്നവിലയ്ക്ക് അരി ശേഖരിച്ച് വിതരണം ചെയ്യേണ്ട അവസ്ഥ വലിയ സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടവരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കൈയിൽ അരിയുടെയും ഗോതമ്പിന്റെയും ബഫർ സ്റ്റോക്ക് ആവശ്യമായതിനേക്കാൾ ഇരട്ടിയോളം ഉണ്ടായിരുന്നിട്ടാണ് സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യാൻ അനുവദിച്ചിരുന്ന അരിവിഹിതം ഗണ്യമായി വെട്ടിക്കുറച്ചത്. സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള കേരളത്തിനർഹതപ്പെട്ട റേഷൻവിഹിതം പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാർ വിമുഖത കാണിക്കുകയാണ്. ഇക്കാര്യത്തിലുള്ള എന്റെ സർക്കാരിന്റെ അസന്തുഷ്ടി രേഖപ്പെടുത്തുകയാണ്.

10. ദേശീയ സാർവ്വദേശീയ തലത്തിൽ നിലവിലുള്ള പ്രതികൂല സാഹചര്യങ്ങളെ നേരിട്ടുകൊണ്ടാണ് കേരളത്തിന്റെ സംയോജിത വികസനത്തിനും ജനങ്ങളുടെ ജീവിത പുരോഗതിക്കും സഹായകമായ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ എന്റെ സർക്കാരിന് കഴിഞ്ഞത്. വികസന പ്രവർത്തനങ്ങൾക്ക് ഇച്ഛാശക്തിയോടെയുള്ള നടപടികൾ സ്വീകരിക്കുക വഴി രാജ്യത്തെ രണ്ടാമത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. സംസ്ഥാനം സദ്ഭരണത്തിന്റെ കാര്യത്തിൽ മുൻനിരയിലെത്തിയിട്ടുള്ളതും വിവരസാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങളുടെ ഒരു പ്രധാന കേന്ദ്രമായി

മാറിയിട്ടുള്ളതുമാണ്. ഇതിന്റെ ഫലമായി രാജ്യത്തിനകത്തും പുറത്തുമുള്ള നിക്ഷേപകരിൽ നിന്നും തികച്ചും പ്രോത്സാഹജനകമായ സമീപനം ഇക്കാലത്ത് ഉണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാരുമായി സഹകരിച്ചു കൊണ്ടുള്ള നിരവധി സംയുക്ത സംരംഭങ്ങൾക്കും, വിദേശ രാജ്യങ്ങളുടെ സഹകരണത്തോടെയുള്ള പദ്ധതികൾക്കും തുടക്കം കുറിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ക്ഷേമ-പെൻഷൻ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം (പി.ഡി.എസ്.) ശക്തിപ്പെടുത്താനുള്ള നടപടികൾ, ആരോഗ്യ സുരക്ഷാ പദ്ധതികൾ ഇവയെല്ലാം സാമാന്യ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഉപയുക്തി. ഒരു നവ കേരള സൃഷ്ടിക്കായി എന്റെ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിജയിപ്പിക്കുന്നതിന് നിങ്ങളുടെ എല്ലാവിധ പിന്തുണയും ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

11. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ നൽകിയ മുൻഗണന സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. 11-ാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാനത്ത് അതിന്റെ ലക്ഷ്യം കൈവരിക്കുമെന്നാണ് ഇതുവരെയുള്ള കണക്കുകൾ വെളിവാക്കുന്നത്. നടപ്പുവർഷത്തേക്കാൾ 12% അധികരിച്ച 8660 കോടി രൂപയുടെ പദ്ധതിയാണ് 2009-2010-ൽ വിഭാവനം ചെയ്തിരിക്കുന്നത്.

12. ഭൂരഹിതർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും എന്നത് എന്റെ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതിനായി ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 5000 കോടി രൂപയുടെ അടങ്കൽ പ്രതീക്ഷിക്കുന്ന പ്രസ്തുത ബൃഹത്പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ ക്ഷേമ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ഭവന നിർമ്മാണ ബോർഡ് എന്നിവയുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. ഭൂപരിഷ്കരണത്തിനും, സമ്പൂർണ്ണ

സാക്ഷരതയ്ക്കും, ആരോഗ്യ സുരക്ഷയ്ക്കും പഞ്ചായത്തിരാജ് സംവിധാനത്തിനുമെല്ലാം മാതൃക കാട്ടിയ കേരളം പാർപ്പിടമേഖലയിലും രാജ്യത്തിന് മാതൃകയായി ഉയർന്നുവരികയാണ്.

**13.** സംസ്ഥാനത്തെ കാർഷിക മേഖല വലിയ വെല്ലുവിളികളെ നേരിട്ടിരുന്ന ഘട്ടത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നത്. വിലത്തകർച്ചയും കടക്കെണിയുംമൂലം കർഷക ആത്മഹത്യ അന്ന് നിത്യ സംഭവമായിരുന്നു. എന്റെ സർക്കാർ രാജ്യത്ത് ആദ്യമായി 2006-ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് പാസ്സാക്കിക്കൊണ്ട് ഈ പ്രവണതയ്ക്ക് അന്ത്യം കുറിക്കുകയും കാർഷിക മേഖല പുനഃസംഘടിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ കടാശ്വാസ നടപടികളും കൃഷിക്കാർക്ക് ഒരു പരിധിവരെ സഹായകമായി. നെൽ കർഷകർക്ക് പലിശരഹിത വായ്പ, ഇൻഷ്വറൻസ് പരിരക്ഷ, നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 7 രൂപ ഉണ്ടായിരുന്നത് 11 രൂപയാക്കി വർദ്ധിപ്പിച്ചതുമെല്ലാം കർഷകരിൽ ആത്മവിശ്വാസവും പ്രതീക്ഷയും വളർത്തി. ഭക്ഷ്യസുരക്ഷയ്ക്കായി നടപ്പിലാക്കിയ പദ്ധതികളും കാർഷിക മേഖലയിൽ വലിയ മുന്നേറ്റം കുറിക്കുന്നതിന് സഹായകമായിട്ടുണ്ട്.

**14.** പ്രതിവർഷം 10,000 ഹെക്ടർ പാടശേഖരങ്ങളിൽ പുതുതായി നെൽകൃഷി നടത്താനും ഉല്പാദനം ഇരട്ടിയാക്കാനുമുള്ള 'സുവർണ്ണകേരളം' പദ്ധതിക്ക് തുടക്കം കുറിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും സംയുക്തമായി പദ്ധതി നടപ്പിലാക്കി വരുന്നു. പച്ചക്കറിയും, കിഴങ്ങ് വർഗ്ഗങ്ങളും പഴങ്ങളും വൻതോതിൽ ഉൽപ്പാദിപ്പിക്കാനുള്ള സമഗ്രമായ പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. 1000 പച്ചക്കറി ഗ്രാമങ്ങൾ ഇതിനകം ആരംഭിച്ചിട്ടുള്ളതും 500 എണ്ണം ആരംഭിക്കാനുള്ള തയ്യാറെടുപ്പിലുമാണ്. കൃഷിക്കാർക്ക് ന്യായ വിലയും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയും ഉറപ്പാക്കിക്കൊണ്ട് പച്ചക്കറികളും പഴങ്ങളും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഉതകുന്ന വിധം ഹോർട്ടികോർപ്പിന്റെ പ്രവർത്തനം

ശക്തിപ്പെടുത്തുന്നതാണ്. കർഷകർക്ക് പ്രതിമാസം 300 രൂപ പെൻഷൻ നൽകാൻ തുടക്കം കുറിച്ചുകൊണ്ട് രാജ്യത്തിന് എന്റെ സർക്കാർ മാതൃക കാട്ടി.

15. 2009-2010 വർഷത്തേക്കുള്ള സംസ്ഥാന പദ്ധതിയിൽ കൃഷിക്കാണ് പ്രഥമ പരിഗണന. നെൽ കൃഷിക്കാർക്ക് പലിശ രഹിത വായ്പ എല്ലാ ജില്ലകളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ ഡോ. സ്വാമിനാഥൻ തയ്യാറാക്കിയ കുട്ടനാട് പാക്കേജിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ നാണ്യവിള തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായകമായ ഇടുക്കി പാക്കേജും കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. എന്റെ സർക്കാരിന്റെ തുടർച്ചയായ പരിശ്രമങ്ങളുടെ ഫലമായി അംഗീകരിക്കപ്പെട്ട കുട്ടനാട് പാക്കേജ് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽപ്പെടുത്തിയാണ് അനുവദിച്ചിട്ടുള്ളത്. ഇത് പദ്ധതി യാഥാർത്ഥ്യമാകുന്നതിന് തടസ്സമാണ്. കായൽ നിലങ്ങളിലെ മടവീഴ്ച ശാശ്വതമായി പരിഹരിക്കാൻ കഴിയുംവിധം കോൺക്രീറ്റ് ബണ്ട് നിർമ്മിച്ച് രണ്ടോ മൂന്നോ പ്രാവശ്യം വർഷത്തിൽ കൃഷിയിറക്കാൻ കഴിഞ്ഞാൽ നെല്ലുല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും. അതിന് നിലവിലുള്ള പദ്ധതിയിൽ വ്യവസ്ഥയില്ല. അതുകൊണ്ട് കുട്ടനാട് പാക്കേജ് നടപ്പിലാക്കാൻ പ്രത്യേക പദ്ധതി സഹായം അനുവദിക്കണം. ആഗോള സാമ്പത്തിക മാന്ദ്യം നമ്മുടെ നാണ്യവിളകളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ ആഘാതത്തിൽ നിന്നും കൃഷിക്കാരെ സംരക്ഷിക്കാൻ വില സുരക്ഷാപദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ അടിയന്തിര സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

16. സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യം പരിഗണിക്കുമ്പോൾ പാൽ, മുട്ട, മാംസം എന്നിവയുടെ ആഭ്യന്തര ഉൽപ്പാദനം 2005-2006

വരെ കുറഞ്ഞു വരികയായിരുന്നു. 2006-2007 മുതൽ തുടർച്ചയായി ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ട് വർദ്ധിച്ചുവരുന്ന നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ല. കന്നുകാലി സമ്പത്ത് ഗണ്യമായി വർദ്ധിപ്പിച്ചും ഉയർന്ന ഉൽപ്പാദനക്ഷമത കൈവരിച്ചും മാത്രമെ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയൂ. ***ക്ഷീരധാര, പശുഗ്രാമം, മിൽക്ക് ഷെഡ്, ഗോസമൃദ്ധി, ഗോസുരക്ഷ*** തുടങ്ങിയ സംസ്ഥാന പദ്ധതികൾക്ക് പുറമെ വിദർഭ മോഡൽ പാക്കേജിന്റെ ഭാഗമായുള്ള പദ്ധതികളും നടപ്പിലാക്കി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഹൈ-ടെക് ഫാമുകൾ സർക്കാർ മേഖലയിലും സഹകരണ സ്വകാര്യ മേഖലയിലും ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആദ്യത്തെ ഹൈ-ടെക് ഫാം കുളത്തൂപ്പുഴയിൽ ആരംഭിച്ചു കഴിഞ്ഞു. കുളത്തൂപ്പുഴ യിൽ കാളക്കുട്ടികളിൽ നിന്നും ഉന്നതനിലവാരത്തിലുള്ള ഹൃദയവാൽവ് നിർമ്മിക്കുന്ന ഒരു പദ്ധതി കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ സഹായത്തോടെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. 2009-2010-ൽ 100 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിക്കും. മാട്ടുപ്പെട്ടിയിൽ 1000 പശുക്കളെ വളർത്താനുള്ള പുതിയ ഒരു ഫാം ആരംഭിക്കുന്നതാണ്. മൂവാറ്റുപുഴയിലും കോഴിക്കോടും രണ്ട് ഇറച്ചിക്കോഴി സംസ്കരണ പ്ലാന്റുകൾ ആരംഭിക്കും. മുട്ടയുടെയും കോഴിയിറച്ചിയുടെയും ഉൽപ്പാദനവും വിതരണവും ശക്തിപ്പെടുത്താൻ കേരള സംസ്ഥാന പൗൾട്രി കോർപ്പറേഷൻ പ്രവർത്തനം വിപുലപ്പെടുത്തിക്കഴിഞ്ഞു. സംസ്ഥാനത്ത് ആധുനിക സജ്ജീകരണ ങ്ങളോടെയുള്ള മൃഗാശുപത്രികൾ കൂടുതൽ ആരംഭിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ വഴി 50,000 കുട്ടികൾക്ക് മൂന്ന് കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്ന പദ്ധതിയും ആട്ടിൻ കുട്ടികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്.

പുതിയ പ്രജനന നയത്തിന്റെ അടിസ്ഥാനത്തിൽ ബീജസങ്കലനം പൂർണ്ണമായും സൗജന്യമാക്കും. കരുനാഗപ്പള്ളിയിൽ പുതിയ ആധുനിക സൗകര്യങ്ങളുള്ള കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതാണ്.

17. ലോക സമ്പദ്‌വ്യവസ്ഥ കടുത്ത മാന്ദ്യം നേരിടുകയും വ്യാവസായിക മേഖല വൻപ്രതിസന്ധി നേരിടുകയും ചെയ്തപ്പോഴും സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഇക്കൊല്ലം ചരിത്രവിജയമാണ് കൈവരിച്ചത്. നഷ്ടത്തിലായിരുന്ന 15 പൊതു മേഖലാ സ്ഥാപനങ്ങൾ അഭിമാനകരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് ലാഭകരമായി പ്രവർത്തിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ വില്ക്കാനുള്ളതല്ല, മറിച്ച് അവയെ പുനരുദ്ധരിച്ചും ആധുനിക വൽക്കരിച്ചും ലാഭകരമാക്കാൻ കഴിയുമെന്ന് എന്റെ സർക്കാർ കാണിച്ചുകൊടുത്തു. ചേർത്തല ഓട്ടോകാസ്റ്റ് ഇൻഡ്യൻ റെയിൽവേയുമായി സഹകരിച്ച് സംയുക്തസംരംഭത്തിന് തുടക്കം കുറിച്ചത് സംസ്ഥാനത്ത് കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സംയുക്ത സംരംഭങ്ങൾ ഉണ്ടാകാൻ വഴിയൊരുക്കി. കേന്ദ്ര പ്രതിരോധ വകുപ്പുമായി ചേർന്നുകൊണ്ട് തിരുവനന്തപുരത്തെ കെൽടെക്, ബ്രഹ്മോസ് എയ്റോസ്പേസ് ഏറ്റെടുത്തതും കാസറഗോഡ് എച്ച്.എ.എൽ.-ന്റെ പുതിയ സ്ട്രാറ്റജിക് ഇലക്ട്രോണിക് യൂണിറ്റ് ആരംഭിച്ചതും, കളമശ്ശേരിയിൽ ബി.ഇ.എൽ. പ്രൊഡക്ഷൻ സപ്പോർട്ട് സെന്ററിന് തുടക്കം കുറിച്ചതും, കണ്ണൂർ മങ്ങാട്ട്പറമ്പിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിക്ക് ആരംഭം കുറിച്ചതും, കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് എസ്.എ.ഐ.എൽ.-ഉം ആയി സംയുക്ത സംരംഭത്തിന് കരാർ ഒപ്പുവെച്ചതും പാലക്കാട് ബി.ഇ.എം.എൽ.-ന്റെ ഫാക്ടറിക്ക് തുടക്കം കുറിച്ചതും വ്യവസായ മേഖലയിൽ വലിയ മുന്നേറ്റത്തിന് ഇടവരുത്തുന്നതാണ്.

18. പുതിയ ശാസ്ത്ര സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ആധുനിക വ്യവസായരംഗത്തും കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണരംഗത്തും, പരമ്പരാഗതമേഖലയിലും ചെറുകിട-

ഇടത്തരം വ്യവസായസംരംഭങ്ങൾ തുടങ്ങാൻ സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിച്ചും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ കൂടുതൽ വിദേശ വിപണികളെ ആകർഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ ഉൽപ്പാദനവിപണനം ത്വരിതപ്പെടുത്തുന്നതിന് സഹായകരമായ പ്രൈസ് പ്രിഫറൻസ് ഏർപ്പെടുത്തുന്നതാണ്. ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. കൈത്തറി, കയർ, കശുവണ്ടി, ബീഡി, ഖാദി തുടങ്ങിയ മേഖലകളിൽ വൈവിധ്യ വൽക്കരണം വഴി ഉൽപ്പാദന വർദ്ധനവും കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതാണ്.

19. പൊതുജനങ്ങൾക്ക് അധികഭാരം ആകാതെ നികുതി പിരിവും മറ്റും ഊർജ്ജിതമാക്കിയും ചെലവുചെയ്യലിൽ ഫലപ്രദമായ നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തിയും വരുമാനം ഗണ്യമായി വർദ്ധിപ്പിച്ച് ശരിയായ മാനേജ്മെന്റിലൂടെയാണ് സംസ്ഥാനത്തിൻെറ ധനസ്ഥിതി മെച്ചപ്പെടു ത്തുവാൻ കഴിഞ്ഞത്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും പാവപ്പെട്ടവരുടെ ക്ഷേമ പെൻഷനുകൾ ഗണ്യമായി വർദ്ധിപ്പിച്ചു നൽകുന്നതിന് എന്റെ സർക്കാർ നടപടി സ്വീകരിച്ചു. ഏറ്റവും കുറഞ്ഞ പെൻഷൻ തുക 200 രൂപയായി ഉയർത്തി. വ്യാപാരികൾക്ക് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയതും, ചെക്ക്പോസ്റ്റുകൾ നവീകരിച്ചതും വാണിജ്യ നികുതികളിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ വർദ്ധനവിന് ഇടവരുത്തി. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശിക പൂർണ്ണമായി നൽകി.

20. എല്ലാ ട്രഷറികളിലും പൗരാവകാശ രേഖ പ്രസിദ്ധ പ്പെടുത്തുകയും സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുകയും ചെയ്തു കൊണ്ട് ട്രഷറികളുടെ പ്രവർത്തനം സുതാര്യമാക്കുകയും ശക്തി പ്പെടുത്തുകയും ചെയ്തു. ഒറ്റ ദിവസം പോലും ധന പ്രതിസന്ധിമൂലം ട്രഷറികൾ പൂട്ടേണ്ട സ്ഥിതി ഇക്കാലത്ത് ഉണ്ടായിട്ടില്ല. നിയന്ത്രണങ്ങളും

ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല. ഭാഗ്യക്കുറി വകുപ്പ് ഈ വർഷം 60% വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് വൻവളർച്ചയുടെ പാതയിലാണ്. ഭാഗ്യക്കുറി വിൽപ്പനക്കാർക്കും ഏജന്റുമാർക്കും ക്ഷേമനിധി നിലവിൽ വന്നുകഴിഞ്ഞു.

21. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ഈ വർഷം വൻ വളർച്ച രേഖപ്പെടുത്തി. കെ.എസ്.എഫ്.ഇ. ചിട്ടിയുടെ സല 2005-2006-ൽ 157 കോടി രൂപയായിരുന്നത് 2009-2010-ൽ 500 കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ്. വരുംവർഷത്തിൽ 500 കോടി രൂപയെങ്കിലും വായ്പ നൽകാൻ കഴിയുംവിധം കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ റീക്യാപ്പിറ്റലൈസ് ചെയ്യുന്നതാണ്.

22. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർവൽക്കരണം ഈ വർഷം തന്നെ പൂർത്തിയാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അഞ്ച് കോർപ്പറേഷനുകളിലും 53 മുനിസിപ്പാലിറ്റികളിലും 159 ഗ്രാമ പഞ്ചായത്തുകളിലും ഓൺലൈൻ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം തുടങ്ങിക്കഴിഞ്ഞു. ശേഷിക്കുന്ന സ്ഥാപനങ്ങളും താമസിയാതെ ഇതിൻകീഴിൽ കൊണ്ടുവരുന്നതാണ്. സംസ്ഥാനത്തെ എല്ലാ പ്രധാന പട്ടണങ്ങൾക്കും വേണ്ടി വരുംവർഷങ്ങളിലെ വികസന സാദ്ധ്യത കൂടി കണക്കിലെടുത്ത്, ഘട്ടംഘട്ടമായി പൊതു നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ സംവിധാനം അടുത്ത വർഷത്തോടെ പൂർത്തിയാക്കുന്നതാണ്.

23. ഗ്രാമപഞ്ചായത്തുകൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കപ്പെടുന്ന എൻ.ആർ.ഇ.ജി. പദ്ധതി സദ്ഭരണത്തിന്റെ ഒരു മാതൃകയായി ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഓരോ തൊഴിലാളിക്കും വ്യക്തിഗത ബാങ്ക് അക്കൗണ്ട് വഴി വേതനം നൽകപ്പെടുന്നതും സംസ്ഥാനത്ത് എൻ.ആർ.ഇ.ജി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഒരു പ്രത്യേക സവിശേഷതയാണ്.

24. തൊഴിൽ നിയമം നടപ്പിൽ വരുത്തുക വഴി അദ്ധ്വാന വർഗ്ഗത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മിനിമം വേതനം പുതുക്കൽ വൈകിയ ആറ് മേഖലകളിൽ മിനിമം വേതന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന മേഖലകളിൽ സമയബന്ധിതമായി മിനിമം വേതനം പുതുക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിലാളികളുടെയും സമൂഹത്തിലെ മറ്റ് വിഭാഗങ്ങളുടെയും ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി, ബി.പി.എൽ. തൊഴിലാളികൾക്കായി രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) എന്നും ശേഷിക്കുന്ന ബി.പി.എൽ., മത്സ്യത്തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ, ആശ്രയ കുടുംബങ്ങൾക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി (CHIS) എന്നും പേരുള്ള രണ്ട് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്താകമാനം, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം.

25. ഫാക്ടറികളുടെ ആധുനികവൽക്കരണത്തിലൂടെ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച്, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പെക്സിലെയും കശുവണ്ടി തൊഴിലാളികൾക്ക് പരമാവധി തൊഴിൽദിനങ്ങൾ പ്രദാനം ചെയ്യുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ അതിന്റെ അഞ്ചാമത് മൂല്യവർദ്ധിത ഉൽപ്പന്നമായ 'കാഷ്യൂ സൂഡിൽ' വിപണിയിലിറക്കുന്നതും അതിന്റെ ഫാക്ടറികളിലേക്കായി 10,000 തൊഴിലാളികളെ നിയമിക്കുന്നതുമാണ്.

26. ഇ.എസ്.ഐ. മേഖലയിലെ ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും ദൗർലഭ്യം പരിഹരിക്കുന്നതിന് എന്റെ സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു മെഡിക്കൽ കോളേജും, ഡെന്റൽ കോളേജും, നഴ്സിംഗ് കോളേജുകളും തുടങ്ങുന്നതാണ്. വൻതോതിൽ പണമയയ്ക്കുന്നതിലൂടെ സംസ്ഥാന

ത്തിന്റെ സമ്പദ്‌വ്യവസ്ഥയെ സഹായിക്കുന്ന പ്രവാസി കേരളീയരുടെ ക്ഷേമം ലക്ഷ്യമാക്കി ഒരു നിയമ നിർമ്മാണം രാജ്യത്ത് ആദ്യമായി കൊണ്ടുവന്നത് എന്റെ സർക്കാരാണെന്ന് അറിയിക്കുന്നതിൽ എനിക്കഭിമാനമുണ്ട്. യുവാക്കളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലോകതൊഴിൽ വിപണിയുടെ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന ആധുനിക ട്രേഡുകളിൽ പുതിയ ഐ.റ്റി.ഐ.-കളും ഐ.റ്റി.സി.-കളും ആരംഭിക്കും. ഭാരത സർക്കാരിന്റെ സഹായത്തോടുകൂടി നിലവിലുള്ള ഐ.റ്റി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തും.

27. കരകൗശലവും നിർമ്മാണവും മേഖലകളിൽ നൂതന രീതികൾ കൊണ്ടുവരുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അടുത്ത രണ്ടു വർഷത്തിനുള്ളിൽ ബാലവേല നിർമ്മാർജ്ജനം ചെയ്യാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തേയ്ക്ക് തൊഴിലാളികളുടെ വൻതോതിലുള്ള കുടിയേറ്റംമൂലമുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് എന്റെ സർക്കാരിന് നന്നായി ബോദ്ധ്യമുള്ളതും 1979-ലെ ഇന്റർ-സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് നടപ്പിലാക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധവുമാണ്.

28. ദ്രുതഗതിയിൽ വർദ്ധിച്ചുവരുന്ന ഗതാഗത സാന്ദ്രത മൂലം കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിലേയ്ക്കും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായും, നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായും വിഭാവനം ചെയ്യുന്ന ഒരു കേരള റോഡ് വികസന നയം കൊണ്ടുവരുന്നതാണ്.

29. എന്റെ സർക്കാരിന്റെ മഹത്തായ ഉദ്യമമായ വിഷൻ 2010, ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും 2 കോടി രൂപയുടെ വികസന പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. എൻ.എച്ച്. 47-ഉം എൻ. എച്ച്. 17-ഉം നാല്/ആറ് വരി

പാതയാക്കുന്നതിനും എൻ.എച്ച്. 208, 212, 213, 220, 49, 49 എ- യും രണ്ടു വരി പാത പദവിയിലേക്ക് ഉയർത്തുന്നതിനും പ്രാധാന്യം നൽകുന്നതാണ്. കെ.എസ്.റ്റി.പി.-യുടെ രണ്ടാംഘട്ട വികസനപദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. കട്ടിംഗ് എഡ്ജ് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ (ആർ.എം.എം.എസ്.) പ്രധാന റോഡുകൾ ദ്രുതഗതിയിൽ അറ്റകുറ്റപ്പണികൾ നടത്താൻ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഐ.ആർ.സി. മാനദണ്ഡം ഉറപ്പാക്കിക്കൊണ്ട് ഇത് ശബരിമല റോഡുകളിലും നടപ്പിലാക്കുന്നതാണ്. അപകടനിരക്ക് കുറയ്ക്കുന്നതിനും പൊതുജനത്തിന് സുരക്ഷിതവും തടസ്സരഹിതവുമായ യാത്ര ഉറപ്പാക്കുന്നതിനും, സ്പീഡ് ബ്രേക്കേഴ്സ്, സീബ്രാ ലൈനുകൾ, റിഫ്ലക്റ്ററുകൾ, റോഡ് അടയാളങ്ങൾ, സ്പീഡ് ക്യാമറകൾ, സൈൻ ബോർഡുകൾ എന്നിവ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ റോഡുകളിലും സ്ഥാപിക്കുന്നതാണ്.

30. 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയ'ത്തിന്റെ കീഴിൽ 98.59 കോടി രൂപ ആശ്വാസമായി നൽകിയിട്ടുണ്ട്. കേരള കാർഷിക കടാശ്വാസ പദ്ധതിയിൻ കീഴിൽ 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് പലിശ ഇളവായി 20.00 കോടി രൂപ കർഷകർക്ക് അനുവദിക്കുകയുണ്ടായി. 25,000 രൂപ വരെ കാർഷിക വായ്പ എടുത്ത നാമമാത്ര കർഷകർക്ക് വയനാട് റിലീഫ് പാക്കേജിൻ കീഴിൽ 14.11 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. നിലവിലുള്ള സഹകരണ സംഘങ്ങൾ വഴി പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതാണ്. സ്വകാര്യ സ്വാശ്രയ കോളേജുകളുടെ മേഖലയിൽ നിലനിൽക്കുന്ന ചൂഷണം തടയുന്നതിന് കൂടുതൽ പ്രൊഫഷണൽ കോളേജുകൾ കേപ്പ്-ന്റെ കീഴിൽ സ്ഥാപിക്കുന്നതാണ്. സഹകരണ സംഘം ആക്റ്റിന് സമഗ്രമായ ഒരു ഭേദഗതി വരുത്തി നടപ്പിലാക്കുന്നതാണ്. കൺസ്യൂമർ ഫെഡിന്റെ

ആഭിമുഖ്യത്തിൽ 10,000 ചില്ലറ വില്പനശാലകൾ ആരംഭിക്കുന്നതും ഓണം, വിഷു, റംസാൻ, ബക്രീദ്, ക്രിസ്തുമസ് മുതലായ ഉത്സവകാലത്ത് അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമാണ്. കൊയ്ത്ത് കാലത്ത് തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് മുഖ്യമായും നെൽ കൃഷിയുള്ള പ്രദേശങ്ങളിൽ കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്നതിന് സഹകരണ സംഘങ്ങളെ അനുവദിക്കുന്നതാണ്.

31. എന്റെ സർക്കാർ രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളിൽ നിന്നും സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സമയപരിധി നിജപ്പെടുത്തിക്കൊണ്ട് അതിന്റെ പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന ഭരണ നിർവ്വഹണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 309 സബ് രജിസ്ട്രാർ ഓഫീസുകളിലും ടെലഫോൺ കണക്ഷൻ നൽകുന്നതാണ്. എന്റെ സർക്കാർ എല്ലാ തലത്തിലും സുഗമവും കാര്യക്ഷമവും സുതാര്യവുമായ ഭരണ നിർവ്വഹണം ഉറപ്പുവരുത്തി അതുവഴി ബന്ധപ്പെട്ട ഓഫീസുകളിൽ സേവനങ്ങൾ ഓൺലൈനായി പ്രദാനം ചെയ്യുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ ഇന്റഗ്രേറ്റഡ് വർക്ക് ഫ്ലോയും ഡോക്യുമെന്റ് മാനേജ്മെന്റ് സംവിധാനവും നടപ്പിലാക്കും. രണ്ട് വർഷ കാലയളവിനുള്ളിൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

32. എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി അധികമായി വാഹനങ്ങളും ആയുധങ്ങളും ആധുനിക ഉപകരണങ്ങളും നൽകുന്നതാണ്. 135 റെയ്ഞ്ച് ഓഫീസുകൾ കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിനും എക്സൈസ് ഉദ്യോഗസ്ഥർക്ക് കൈത്തോക്കും മൊബൈൽ ഫോണുകളും നൽകുന്നതിനും നടപടി സ്വീകരിക്കും. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും വനിതാ സംഘടന കളുടെയും കുടുംബശ്രീയുടെയും മദ്യവിരുദ്ധ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെയും സഹായ സഹകരണത്തോടെ

മദ്യപാനശീലത്തിനെതിരെ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തുന്നതാണ്. 2008-2009 വർഷത്തിലേക്കുള്ള അബ്കാരി നയത്തിന്റെ ഭാഗമായി അബ്കാരി കുടിശ്ശികകൾ വേഗത്തിൽ പിരിച്ചെടുക്കുന്നതിന് ആംനെസ്റ്റി സ്കീം സർക്കാർ കൊണ്ടുവന്നു. 31-1-2009 വരെ ആംനെസ്റ്റി സ്കീം ദീർഘിപ്പിച്ചിരുന്നു. വ്യാജ മദ്യത്തിനും സ്പിരിറ്റ് കള്ളക്കടത്തിനും എതിരെയുള്ള നടപടികൾ കൂടുതൽ ശക്തിപ്പെടുത്തും. അബ്കാരി ആക്റ്റും ചട്ടങ്ങളും ഈ ആവശ്യത്തിലേക്കായി രൂപീകരിച്ച വിദഗ്ദ്ധ സമിതി ശിപാർശ ചെയ്ത പ്രകാരം ഭേദഗതി ചെയ്യുന്നതാണ്.

33. നടപ്പുവർഷം കഞ്ചാവ് ഉന്മൂലനം ചെയ്യുവാനും കള്ളക്കടത്തുകാരെയും വേട്ടക്കാരെയും അറസ്റ്റ് ചെയ്യുവാനും പ്രോസിക്യൂട്ട് ചെയ്യുവാനും നടത്തിയ നിർബാധമായ പ്രയത്നത്തിന്റെ ഫലമായി വനസംരക്ഷണത്തിൽ കാര്യമായ പുരോഗതി ഉണ്ടായി. കമ്പിവേലി സ്ഥാപിച്ചും, പ്രതികളെ യഥാസമയം പ്രോസിക്യൂട്ട് ചെയ്തും ചന്ദനവനം സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രമം നടത്തിവരുന്നു. സ്വകാര്യ വ്യക്തികളുടെ എല്ലാ ആനകൾക്കും അവയെ തിരിച്ചറിയുന്നതും പരിപാലിക്കുന്നതും സഹായകരമാകുന്ന തരത്തിൽ മൈക്രോ-ചിപ്പുകൾ ഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ തടി ഡിപ്പോകളിലേക്കും തടിയുടെ ചില്ലറ വില്പന സംവിധാനം വ്യാപിപ്പിച്ചു. ഉപഭോക്തൃ സൗഹൃദവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി തടി വില്പനയ്ക്കുള്ള നടപടിക്രമം പരിഷ്കരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി 2009 ജൂൺ 5-ാം തീയതി ഒരു കോടി വൃക്ഷത്തൈകൾ നട്ടുകൊണ്ട് 'ഹരിത കേരളം' എന്ന പേരിൽ ഒരു വിപുലമായ മരം വെച്ചുപിടിപ്പിക്കൽ പരിപാടി (വനപ്രദേശത്തിനു പുറത്ത്) നടപ്പിലാക്കുന്നതാണ്. എൻ.റ്റി.എഫ്.പി. യുടെ (മര ഇതര വന ഉല്പന്നങ്ങൾ) ശാസ്ത്രീയമായി വേർതിരിക്കുന്നതിനും മൂല്യവർദ്ധനവിനും വിപണനത്തിനും വനസംരക്ഷണ സമിതിയേയും പരിസ്ഥിതി വികസന സമിതിയേയും സഹായിക്കുന്നതിന് അവരുടെ കൂട്ടായ്മയോടു കൂടി വനശ്രീ എന്ന പേരിൽ തിരുവനന്തപുരത്ത് ഒരു

സംസ്ഥാനതല സംഘം സ്ഥാപിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി വനപ്രദേശം ഉൾപ്പെടുത്തിക്കൊണ്ട് മലബാർ സങ്കേതം എന്ന പേരിൽ ഒരു പുതിയ വന്യമൃഗസങ്കേതം സ്ഥാപിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ ഒരു ടൈഗർ സഫാരി പാർക്ക് സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തെ ആദിവാസികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 2006-ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വെല്ലേഴ്സ് (റെക്കഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ് ) ആക്റ്റ് അതിന്റെ അർത്ഥവും സത്തയും ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കുന്നതാണ്. ചെറുകിട കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് അനുയോജ്യമായി ഭേദഗതി ചെയ്യുന്നതാണ്.

34. അറ്റകുറ്റപ്പണി ആവശ്യമായിട്ടുള്ള എല്ലാ ലക്ഷം വീടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി, 'എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി'യുടെ കീഴിൽ, സർക്കാർ ഘട്ടം ഘട്ടമായി പുനർനിർമ്മിക്കുന്നതാണ്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ അതിന്റെ ഇപ്പോഴുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു പുനർരൂപീകരണ പാക്കേജ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. ദേശീയ പാർപ്പിട നയത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം എല്ലാ പാർപ്പിട പദ്ധതിയിലും 20% വീടുകൾ സമൂഹത്തിലെ സാമ്പത്തികമായി ദുർബ്ബലരായിട്ടുള്ള വിഭാഗങ്ങൾക്ക് മാറ്റിവയ്ക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും കെട്ടിട നിർമ്മാണ സാമഗ്രികൾക്കുള്ള ന്യായവില ഔട്ട്‌ലെറ്റുകൾ 'കലവറ' തുറക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

35. സംസ്ഥാനത്തുനിന്നുള്ള സമുദ്ര വിഭവങ്ങളുടെ കയറ്റുമതിയിൽ 25 മുതൽ 30 ശതമാനം വരെ കുറവ് ഉണ്ടായിട്ടുണ്ട്. ദക്ഷിണപൂർവ്വ ഏഷ്യ ഒഴികെയുള്ള മിക്കവാറും എല്ലാ പ്രമുഖ കേന്ദ്രങ്ങളിലും ഈ കുറവുള്ളതായി സി.ഡി.എസ്.ന്റെ ഒരു പഠനം സൂചിപ്പിക്കുന്നു. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടും മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ടും ഉപജീവനത്തിനുള്ള പദ്ധതികൾ ഏർപ്പെടുത്തിക്കൊണ്ടും ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ ഉൾനാടൻ മത്സ്യമേഖലയുടെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമാക്കി ഒരു സമഗ്ര 'മത്സ്യ കേരളം' പദ്ധതി നടപ്പിലാക്കാനും തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും വേണ്ടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ക്ലിപ്തം സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

36. എന്റെ സർക്കാരിന്, ഉൾവനങ്ങളിൽ താമസിക്കുന്ന ആദിഗോത്ര വിഭാഗക്കാർക്ക് 760 വീടുകൾ ഉൾപ്പെടെ ആദിവാസികൾക്കായി 2,060 വീടുകളും പട്ടികജാതി കുടുംബങ്ങൾക്കായി 16,353 വീടുകളും പൂർത്തീകരിക്കുവാൻ കഴിഞ്ഞു. ഈ വർഷത്തിന്റെ തുടക്കത്തിൽ തന്നെ പട്ടികജാതിയും പട്ടികഗോത്രവർഗ്ഗവും ഒ.ഇ.സി.യും വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി മുതലായ വിദ്യാഭ്യാസ സഹായങ്ങളുടെ നിരക്ക് 50% കണ്ട് വർദ്ധിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി എം.ബി.ബി.എസ്.-നും മറ്റ് അനുബന്ധ കോഴ്സുകൾക്കുമുള്ള പ്രവേശനത്തിൽ പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ക്വോട്ട പൂർണ്ണമായും പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളെ കൊണ്ടുതന്നെ നികത്തിയെന്ന് ഉറപ്പുവരുത്തി. മുഴുവൻ വിദ്യാർത്ഥി സമൂഹത്തിനും

പ്രയോജനപ്രദമാകുന്ന തരത്തിൽ ഈ വർഷം 'ഇ-ഗ്രാൻറ്സ്' സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

37. എന്റെ സർക്കാർ ഈ വർഷം മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ ക്രീമിലെയർ നിർണ്ണയിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപയിൽ നിന്നും 4.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഈ ആനുകൂല്യം പ്രൊഫഷണൽ കോഴ്സിലേക്കുള്ള പ്രവേശനത്തിനായി മത്സരിക്കുന്ന വിദ്യാർത്ഥികൾക്കും കൂടി ബാധകമാക്കി. അയ്യൻകാളി ഭവന്റെ നിർമ്മാണം പൂർത്തിയാക്കിക്കൊണ്ട് അതുവഴി എല്ലാ പ്രധാനപ്പെട്ട കമ്മീഷന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും ഓഫീസുകൾ ഒറ്റ മേൽക്കൂരയ്ക്ക് കീഴിൽ കൊണ്ടു വരുവാൻ സാധിച്ചു.

38. സംസ്ഥാനത്തെ കയർ മേഖല പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായവും, 4 ലക്ഷത്തോളം തൊഴിലാളികൾക്ക് ജീവിതമാർഗ്ഗവും നല്കുന്നുണ്ട്. പ്രസ്തുത മേഖലയുടെ സമഗ്രവികസനത്തിനുള്ള സുപ്രധാന നടപടിയെന്ന നിലയിൽ കയർ വ്യവസായത്തിന്റെ ഒരു സെൻസസ് നടത്തുകയും ശ്രീ. ആനത്തലവട്ടം ആനന്ദൻ ചെയർമാനായി ഒരു കമ്മീഷനെ നിയമിക്കുകയും ചെയ്തു. കയർ പിരിക്കലും ഉല്പാദനവും മേഖലയിൽ തൊഴിൽ ചെയ്യുന്ന ഒരു വലിയ വിഭാഗം തൊഴിലാളികളുടെ കൂലിയിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കയർ കമ്മീഷന്റെ ശിപാർശ പ്രകാരം 10,500 ആട്ടോമാറ്റിക്/സെമി-ആട്ടോമാറ്റിക് കയർ പിരിക്കൽ യന്ത്രങ്ങളും 2,400 തറികളും വരുന്ന നാലുവർഷ കാലയളവിനുള്ളിൽ സ്ഥാപിക്കുന്നതാണ്. കയർ മേഖലയിൽ ആവശ്യമായ എല്ലാവിധ യന്ത്രോപകരണങ്ങളുടെയും രൂപകല്പന, വികസനം, നിർമ്മാണം എന്നിവയ്ക്ക് വേണ്ടി 30 കോടി രൂപ ചെലവിൽ ആലപ്പുഴയിൽ ഒരു ഫാക്ടറി സ്ഥാപിക്കുന്നതാണ്. കയർ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള വിഭവ സമാഹരണത്തിനായുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. കയർ മേഖലയിൽ ക്ലേശങ്ങൾ ഇല്ലാതാക്കുന്നതിനും ഉൽപ്പാദനക്ഷമത

വർദ്ധിപ്പിക്കുന്നതിനും കയറിന് പുതിയ ഉപയോഗങ്ങൾ കണ്ടെത്തുന്നതിനും കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി ആർ. ആന്റ് ഡി. പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനും ഇതുവരെ കണ്ടെത്തിയിട്ടില്ലാത്ത കയറ്റുമതി മേഖല കണ്ടെത്തുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ എടുക്കുക എന്നുള്ളതാണ് എന്റെ സർക്കാരിന്റെ മുഖ്യ ഉദ്യമം.

39. സർക്കാർ മേഖലയിൽ വാർത്താവിനിമയ-വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം, പ്രവർത്തനം, കാര്യക്ഷമത, സേവന ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനും ചെലവ് ചുരുക്കുന്നതിനും അതുവഴി വിഭവങ്ങളുടെ ശരിയായ വിനിയോഗം സാദ്ധ്യമാക്കുന്നതിനും ഉള്ള ഒരു പ്രധാനപ്പെട്ട മാർഗ്ഗമാണെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് സ്പെയ്ഷൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ സ്ഥാപിച്ച് കേരളത്തെ ഇത്തരം സംവിധാനം നിലവിലുള്ള ആദ്യ സംസ്ഥാനമായി മാറ്റുന്നതാണ്. സർക്കാർ കരാറുകളിൽ സുതാര്യത വർദ്ധിപ്പിക്കുന്നതിനും കടുത്ത മത്സരത്തിലൂടെയും കാലതാമസം ലഘൂകരിച്ചും സർക്കാരിനുണ്ടാകുന്ന ചെലവ് കുറയ്ക്കുന്നതിനും വേണ്ടി ഒരു ഇ-പ്രൊക്യൂർമെന്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. കത്തിടപാടുകളുടെ ആവശ്യകത ഒഴിവാക്കുന്നതരത്തിൽ ഇ-മെയിൽ വഴിയുള്ള ഔദ്യോഗിക കത്തിടപാടുകൾ പ്രാവർത്തികമാക്കിക്കൊണ്ട് അതുവഴി വേഗത വർദ്ധിപ്പിക്കുന്നതിനും ഖജനാവിനു വേണ്ടിവരുന്ന ചെലവ് കുറയ്ക്കുന്നതിനുമായി ഒരു സർക്കാർ ഇ-മെയിൽ സംവിധാനം നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഡോ. എസ്. എം. എസ്., കോഴിക്കോട് ജില്ലയിലെ പൗരന്മാർക്ക് മൊബൈൽ ഫോൺ മുഖേന ആരോഗ്യ സംബന്ധമായ സംവിധാനങ്ങളെ സംബന്ധിച്ച് അറിയുന്നതിന്, പ്രാപ്തമാക്കുന്നു. ഈ സംവിധാനം മറ്റ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത്, സർക്കാർ വകുപ്പുകളിൽ നിന്നും മൊബൈൽ ടെലിഫോൺ മുഖേന സേവനങ്ങൾ പ്രദാനം

ചെയ്യുന്നതിന് വികസിപ്പിച്ചെടുത്തുകൊണ്ടിരിക്കുന്ന വിപുലമായ ഒരു മൊബൈൽ ഗവേണൻസ് സ്ട്രാറ്റജിയുടെ ഭാഗമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയറിനുവേണ്ടി ഒരു ഫിനിഷിംഗ് സ്കൂൾ ഈ വർഷം കൊച്ചിയിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**40.** സംസ്ഥാനത്തെ ഓരോ പൗരനിലും ഐ.സി.റ്റി.-യുടെ നേട്ടങ്ങൾ എത്തുന്നു എന്ന് ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ ഡിജിറ്റൽ ഡിവൈഡ് സംയോജിപ്പിക്കുന്നതിനും ഉള്ള ആത്മാർത്ഥമായ ശ്രമങ്ങൾ എന്റെ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി, ഈ വർഷം തന്നെ കേരളത്തിലെ ഓരോ ഗ്രാമത്തെയും ബ്രോഡ്ബാന്റുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രാജ്യത്ത് ഈ ബഹുമതി നേടുന്ന ആദ്യസംസ്ഥാനമായി കേരളം മാറുന്നതാണ്. മലയാളം കമ്പ്യൂട്ടിംഗ് ഡ്രൈവിന്റെ ഭാഗമായി, കമ്പ്യൂട്ടറുകളിൽ മലയാളം ഉപയോഗിക്കുന്നതിനുള്ള അവബോധവും വെബ്ബിൽ മലയാളത്തിന്റെ ഉള്ളടക്കം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

**41.** ലോകവ്യാപക സാമ്പത്തികമാന്ദ്യം കേരളത്തിലെ ഐ. ടി. വ്യവസായത്തിനും ആഘാതമേൽപ്പിച്ചിട്ടുണ്ട്. ഐ. ടി. വ്യവസായവും അതിലെ തൊഴിലാളികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് ഐ. ടി. വ്യവസായ മേഖലയിലെ പ്രതിനിധികളെയും ലേബർ കമ്മീഷണറെയും ടെക്നോപാർക്കിലെയും ഇൻഫോ പാർക്കിലെയും സി.ഇ.ഒ. മാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മിറ്റി എന്റെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രയാസകരമായ ഈ ഘട്ടത്തിലും തൊഴിൽ സൃഷ്ടിക്കുന്ന ഐ. ടി. വ്യവസായത്തിന് പിന്തുണ നല്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്. ഇതു സംബന്ധിച്ച് ഒരു പാക്കേജ് താമസംവിനാ പ്രഖ്യാപിക്കുന്നതാണ്.

**42.** വളർച്ചയുടെ അടുത്ത ഘട്ടത്തിൽ കേരളത്തിലെ ഐ. ടി. വ്യവസായത്തെ ആകർഷിക്കാൻ കഴിയുംവിധം സംസ്ഥാനത്ത് കൂടുതൽ ഐ. ടി. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നിലവിലുള്ള

സാമ്പത്തികമാന്ദ്യം അവസരം നൽകുന്നുവെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ഇതിലേക്കായി ഉദ്ദേശം 10,000 കോടി രൂപ മൊത്തം മുതൽമുടക്കുള്ള പത്തോളം പുതിയ ഐ. ടി. പാർക്കുകൾ തിരുവനന്തപുരം (ടെക്നോസിറ്റിയും ടെക്നോപാർക്ക് ഫെയ്സ്-III), കൊല്ലം, ആലപ്പുഴ (അമ്പലപ്പുഴയും ചേർത്തലയും), കൊച്ചി (ഇൻഫോപാർക്ക് ഫെയ്സ്-II), തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ സർക്കാർ ഇതിനകം നടപടി ആരംഭിച്ചിട്ടുണ്ട്. ഇത് ഐ. ടി. വ്യവസായത്തിലെ വിതരണവിഭാഗം ശക്തിപ്പെടുത്തിക്കൊണ്ട് നിലവിലുള്ള ഐ. ടി. അടിസ്ഥാന സൗകര്യങ്ങളെ അഞ്ചു മടങ്ങായി വർദ്ധിപ്പിക്കും. കോഴിക്കോട് ആസ്ഥാനമായുള്ള സൈബർ പാർക്ക് സംസ്ഥാനത്തെ മലബാർ മേഖലയിൽ ഐ. ടി. പാർക്കുകൾ ആരംഭിക്കുന്നതിന് വഴിതെളിക്കും. നിക്ഷേപത്തിന്റെ ഒരു ഭാഗം സ്വകാര്യ വ്യവസായ- അടിസ്ഥാന സൗകര്യ സംരംഭകരിൽനിന്നും ലഭിക്കുമ്പോൾ സർക്കാർ അതിന്റെ ഏജൻസികൾ മുഖേന ഉദ്ദേശം 2000 കോടി രൂപ നിക്ഷേപിക്കും.

43. തുറമുഖഭൂമിയുടെ അതിർത്തി തിരിക്കുന്നതിനും തുറമുഖ ഭൂമിയിന്മേലുള്ള കൈയേറ്റം കണ്ടുപിടിക്കുന്നതിനും റവന്യൂ, സർവ്വേ, തുറമുഖം എന്നീ വകുപ്പുകളിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു പ്രത്യേക ദൗത്യസേന രൂപീകരിക്കുന്നതാണ്. ലാന്റിങ്-ഷിപ്പിങ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തുറമുഖ തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി എന്റെ സർക്കാർ ഡോക് വർക്കേഴ്സ് സേഫ്റ്റി ആന്റ് വെൽഫെയർ ആക്റ്റ് നടപ്പിലാക്കും. മാരിടൈം മേഖലകളിലെ തൊഴിൽ അവസരങ്ങളിലേക്ക് യുവാക്കളെ പരിശീലിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും 'കേരള മാരിടൈം സൊസൈറ്റി' സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. സൊസൈറ്റിയുടെ കീഴിൽ രണ്ടു ഇൻസ്റ്റിറ്റ്യൂട്ടുകൾ കാസർഗോഡും കൊല്ലത്തും തുടങ്ങാൻ പദ്ധതിയുണ്ട്. എന്റെ സർക്കാർ അടുത്ത കാലത്ത് കോട്ടയത്തെ ഒരു ചെറുകിട തുറമുഖമായി പ്രഖ്യാപിക്കുകയുണ്ടായി. തീരദേശ സുരക്ഷ

ശക്തിപ്പെടുത്തുന്നതിലേക്ക് സർക്കാർ തലത്തിൽ ഊർജ്ജിത നടപടികൾ എടുത്തു വരുന്നുണ്ട്. ആദ്യ പടിയായി എന്റെ സർക്കാർ ബേപ്പൂർ, വിഴിഞ്ഞം, കൊല്ലം, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഐ. എസ്. പി. എസ്. കോഡ് നടപ്പിലാക്കും. എന്റെ സർക്കാർ ഭാരത സർക്കാരിന്റെ പങ്കാളിത്തത്തോടു കൂടി പൂവാറിൽ ഒരു കപ്പൽ റിപ്പയറിംഗ് യൂണിറ്റ് സ്ഥാപിക്കും. സംസ്ഥാനത്ത് മാരിടൈം മേഖലയുടെ വികസനം ലക്ഷ്യമാക്കി ഒരു മാരിടൈം ഡെവലപ്പ്മെന്റ് ബോർഡ് സ്ഥാപിക്കും. കൊല്ലം തുറമുഖത്തു നിന്നുള്ള കയറ്റുമതി ഇറക്കുമതി പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്.

**44.** വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ. ആർ. കെ. തിരിച്ചറിയൽ കാർഡ് പദ്ധതി, തിരിച്ചുവരുന്ന പാവപ്പെട്ട പ്രവാസി കേരളീയർക്ക് അടിയന്തിര സഹായം നൽകുന്ന, ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ ഫണ്ട്-*സാന്ത്വന* പോലെയുള്ള വിവിധ സ്കീമുകളും പദ്ധതികളും പ്രവാസി കേരളീയർക്കും തിരിച്ചെത്തുന്നവർക്കും *നോർക്ക-റൂട്ട്സ്* മുഖേന എന്റെ സർക്കാർ നടപ്പിലാക്കിവരുന്നു. എന്റെ സർക്കാർ പ്രവാസി കേരളീയർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നോർക്ക സെൽ രൂപീകരിക്കും.

**45.** പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി എന്റെ സർക്കാർ ഒരു നിധി രൂപീകരിക്കും. ഈ നിയമനിർമ്മാണ സഭ പാസ്സാക്കിയ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് ഇത്തരത്തിൽ ഭാരതത്തിൽ ആദ്യത്തേതാണ്. എന്റെ സർക്കാർ പ്രവാസി കേരളീയരുടെ കുട്ടികൾക്കായി ആഗോള നിലവാരത്തിലുള്ള ഒരു ഇന്റർ നാഷണൽ സ്കൂൾ സ്ഥാപിക്കും. 2009-ൽ പ്രവാസി കേരളീയരുടെ കുട്ടികൾക്കായി ആഗോളസംഗമവും യുവജനോത്സവവും സംഘടിപ്പിക്കുന്നതാണ്.

**46.** എന്റെ സർക്കാർ, അശരണർ, പാവപ്പെട്ടവർ, ഗുരുതരമായ രോഗം ബാധിച്ചവർ, വൃദ്ധജനങ്ങൾ, സമൂഹത്തിന്റെ സഹായം

ആവശ്യമായ മറ്റ് ജനവിഭാഗങ്ങൾ എന്നിവർക്ക് ആശ്രയം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഈ വർഷം ആരംഭിച്ചു. 65 കോടി രൂപയുടെ ഒരു കോർപ്പസ് ഫണ്ട് ഉണ്ടാക്കുകയും ക്യാൻസർ ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് ക്യാൻസർ സുരക്ഷ പ്രോഗ്രാം ആരംഭിക്കുകയും ചെയ്തു. ഇന്റർവ്യൂവിനും മറ്റും ഹാജരാകാൻ വേണ്ടി നഗരത്തിൽ വരുന്ന സ്ത്രീകൾക്ക് താമസ സൗകര്യം നൽകുന്നതിനായി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും പുതിയ 'ഷീ-ദ ഹോംസ്' സ്ഥാപിച്ചു. എന്റെ സർക്കാർ തെരഞ്ഞെടുത്ത ഹയർ സെക്കണ്ടറി സ്കൂളുകളിൽ, പ്രത്യേകിച്ചും പെൺകുട്ടികൾക്ക്, ക്രമമായി ആരോഗ്യ പരിശോധനയും, കൗൺസിലിംഗും മറ്റു സേവനങ്ങളും നൽകുക എന്ന ഉദ്ദേശ്യത്തോടെ 'അഡോളസെന്റ് ഹെൽത്ത് കെയർ പ്രോഗ്രാം' തുടങ്ങും. സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം അടുത്ത വർഷവും തുടരുന്നതാണ്. വികലാംഗർക്കുവേണ്ടി സംവരണം ചെയ്ത 3% തസ്തികകളിലേക്ക് അവരെ റിക്രൂട്ട് ചെയ്യുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏല്പിച്ചു കൊടുത്ത എന്റെ സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ തീരുമാനത്തിന്റെ തുടർച്ചയായി അവരുടെ നിയമനത്തിനായി സംവരണം ചെയ്ത വിഭാഗം തസ്തികകളിലേക്ക് ഏകദേശം 250-ൽ പരം തസ്തികകൾകൂടി അധികമായി ചേർക്കുന്നതാണ്. വികലാംഗരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ അവർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്. 5 ജില്ലകളിൽ കൂടി ചൈൽഡ് ഹെൽപ്പ് ലൈൻ സർവ്വീസ് വ്യാപിപ്പിക്കുന്നതാണ്.

47. എന്റെ സർക്കാർ കണ്ണൂർ സർവ്വകലാശാലയിൽ 'ഇ. കെ. നായനാർ ചെയർ ഓൺ പാർലമെന്ററി അഫയേഴ്സ്' സ്ഥാപിക്കുകയുണ്ടായി. പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി ഭരണഘടന, മൗലിക അവകാശങ്ങൾ, പാർലമെന്ററി നടപടികൾ

എന്നിവ സംബന്ധിച്ച് ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതാണ്. പഴയ നിയമസഭാ മന്ദിരം നവീകരിക്കുന്നതും ചരിത്ര മ്യൂസിയമായി സംരക്ഷിക്കുന്നതുമാണ്.

48. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കേരള കലാമണ്ഡലത്തിനു കല്പിത സർവ്വകലാശാലാ പദവി നൽകി. കേരള ഫോക്‌ലോർ അക്കാദമിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ലൈബ്രറി, ഗവേഷണ കേന്ദ്രം എന്നിവയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുള്ളതും രണ്ടാം ഘട്ടം ആരംഭിച്ചിട്ടുള്ളതുമാണ്.

49. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ, പല കാരണങ്ങളാൽ മുടങ്ങിയിരുന്ന പുതിയ വാല്യങ്ങൾ പുറത്തിറക്കി. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി തിരുവനന്തപുരത്ത് ഒരു അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സും ഒരു അന്താരാഷ്ട്ര ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. താളിയോല ഗ്രന്ഥങ്ങൾ, കടലാസ്സ് രേഖകൾ, മൈക്രോ ഫിലിം റോളുകൾ, അപൂർവ്വ ഗ്രന്ഥങ്ങൾ എന്നിവയുടെ ഡിജിറ്റലൈസേഷൻ ജോലികൾ 2009-2010-ൽ പൂർത്തീകരിക്കുന്നതാണ്. ഈ വർഷം മികച്ച മൂന്ന് ഹെറിറ്റേജ് ക്ലബ്ബുകൾക്ക് ഹെറിറ്റേജ് അവാർഡ് ഏർപ്പെടുത്തുന്നതിനും ജില്ലാതല റിക്കോർഡ് റിപ്പോസിറ്ററികൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും സിനിമയും ടെലിവിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ഒരു ക്ഷേമനിധി രൂപീകരിക്കും. ഈ ക്ഷേമനിധിക്കായി സാംസ്കാരിക വകുപ്പിനു വേണ്ടി സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഒരു ബമ്പർ ഭാഗ്യക്കുറി പുറത്തിറക്കി. രാജാരവിവർമ്മ ഉൾപ്പെടെയുള്ള മഹാന്മാരുടെ അത്യപൂർവ്വവും അതുല്യവുമായ കലാരൂപങ്ങൾ പ്രദർശിപ്പിക്കുന്നതിന് ശാസ്ത്രീയമായി രൂപകല്പന ചെയ്ത ഒരു ആർട്ട് ഗ്യാലറി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

50. പുരാവസ്തു വകുപ്പ് 2008-2009 വർഷത്തിൽ ധീരദേശാഭിമാനി പഴശ്ശിരാജായുടെ രക്തസാക്ഷിത്വത്തിന്റെ 203-ാമത് വാർഷിക സ്മരണ പുതുക്കുകയും അദ്ദേഹത്തിനോടുള്ള ആദരസൂചകമായി ഒരു സ്മാരകവും മ്യൂസിയവും 2008 നവംബറിൽ രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. കാസർഗോഡിലെ ചന്ദ്രഗിരി കോട്ടയുടെ സംരക്ഷണ ജോലികൾ പൂർത്തിയാക്കി കോട്ട പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. എന്റെ സർക്കാർ വടക്കൻ കേരളത്തിൽ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള എല്ലാ കോട്ടകളും ശാസ്ത്രീയമായി സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നു.

51. ഇപ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും പൊതുജനങ്ങൾക്കുള്ള എല്ലാ സേവനങ്ങളും ഏറ്റവും കാര്യക്ഷമമായ രീതിയിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഏകജാലക സംവിധാനത്തിലൂടെ വിവിധതരം സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന 'ഏത് സേവനവും ഏത് കൗണ്ടറിലും' സംവിധാനം നടപ്പിലാക്കിക്കൊണ്ട് തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് 'ഒരു മാതൃക' ഓഫീസ് ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ് തുടങ്ങിയ പൊതുജനങ്ങൾക്കായുള്ള മിക്ക സേവനങ്ങളും അപേക്ഷകന് സ്പീഡ് പോസ്റ്റ് വഴി അയയ്ക്കാൻ കഴിയുന്ന സ്പീഡ് പോസ്റ്റ് ഡെലിവറി സിസ്റ്റം വകുപ്പിലെ എല്ലാ ആഫീസുകളിലും നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ഇ-ഗവേണൻസ് വകുപ്പിനുള്ള പ്രശസ്തമായ സി. എസ്. ഐ.-നിഹിലന്റ് പുരസ്കാരം മോട്ടോർ വാഹനവകുപ്പിന് സമ്മാനിച്ചു. ശാസ്ത്രീയമായി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് ഡ്രൈവിംഗ് സിമുലേറ്ററുകളും ടെസ്റ്റ് ട്രാക്കും തുടങ്ങിയ ആധുനിക ഗാഡ്ജറ്റ്സ് ഉൾപ്പെടെയുള്ള ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കും. എന്റെ സർക്കാർ സബ്-റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളില്ലാത്ത എല്ലാ താലൂക്കുകളിലും അവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. എന്റെ

സർക്കാർ സുതാര്യത കൊണ്ടുവരുന്നതിനും വിധേയത്വം ഒഴിവാക്കുന്നതിനുമായി 16.25 കോടി രൂപ മൊത്തം ചെലവ് വരുന്ന ഇലക്ട്രോണിക് ഗാഡ്ജറ്റ്സ് ഉപയോഗിച്ചുള്ള വാഹന പരിശോധന കേന്ദ്രങ്ങൾ 13 ജില്ലകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഹൈവേകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഗതാഗതം നിരീക്ഷിക്കുന്നതിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും വേണ്ടി മൊത്തം 10 കോടി രൂപ ചെലവിൽ 11 ജില്ലകളിൽ റഡാർ സെർവെയ്‌ലെൻസ് സിസ്റ്റം സ്ഥാപിക്കുന്ന പ്രക്രിയയിലാണ് എന്റെ സർക്കാർ.

52. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ചും ലാഭകരമല്ലാത്ത സർവ്വീസുകൾ പുനർക്രമീകരിച്ചും സാമ്പത്തിക പ്രതിസന്ധി ദൂരീകരിക്കാൻ എല്ലാ നടപടികളും എടുത്തുവരുന്നു. രണ്ടുവർഷത്തിനകം 503 പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചുകൊണ്ട് പ്രതിദിനം ശരാശരി 13.40 ലക്ഷം കിലോമീറ്ററുകളിൽ ബസ്സുകൾ ഓടിക്കുന്നുണ്ട്. വായ്പ ഉപയോഗിച്ചുകൊണ്ട് 3 വോൾവോ, 20 എ.സി. ബസ്സുകളും 30 സൂപ്പർ ഡീലക്സ് ബസ്സുകളും ഉൾപ്പെടെ 1150 പുതിയ ബസ്സുകൾ വാങ്ങി ഇതിനകം നിരത്തിലിറക്കിയിട്ടുണ്ട്. കർണ്ണാടകവും തമിഴ്നാടും ആയുള്ള അന്തർ സംസ്ഥാനകരാർ പ്രകാരം പുതിയ സർവ്വീസുകളും പ്രവർത്തിപ്പിക്കുന്നുണ്ട്. പുതുതായി ആരംഭിച്ച മലബാർ സർവ്വീസുകളും ഇപ്പോൾ പൊതുജന സൗഹൃദമായിട്ടുണ്ട്. സർക്കാർ ഗ്യാരന്റിയിന്മേൽ എൽ.ഐ.സി.യിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ഉപയോഗപ്പെടുത്തി വരുംവർഷത്തിലും 1000 പുതിയ ബസുകൾ നിരത്തിലിറക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 12345 പുതിയ നിയമനങ്ങൾ നടത്തി. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ എല്ലാ ഡിപ്പോകളിലും ഏർപ്പെടുത്തുന്നതാണ്. കെ.എസ്.ആർ.ടി.സി. കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ ആധുനിക ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ്സ് സ്റ്റേഷനുകൾ നിർമ്മിക്കാൻ നടപടി എടുത്തിട്ടുണ്ട്. അങ്കമാലിയിലും കാസർഗോഡും കൊട്ടാരക്കരയിലും

ഇതിനായുള്ള പ്രവർത്തനം ഇതിനകം തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, പത്തനംതിട്ട, തിരുവല്ല, കരുനാഗപ്പള്ളി എന്നിവിടങ്ങളിലും ഇതിനായുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ്. എല്ലാ ബസ്സ്സ്റ്റേഷൻ യാർഡുകളും ആറ് മാസത്തിനുള്ളിൽ അറ്റകുറ്റപണി നടത്തുകയും സ്ഥിരമായ നിർമ്മാണങ്ങളോടെ നവീകരിക്കുകയും ചെയ്യുന്നതാണ്. സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടുകൂടി കെ.എസ്.ആർ.ടി.സി. കൊച്ചി നഗരത്തിലും തിരുവനന്തപുരം നഗരത്തിലും ലോ ഫ്ലോർ എ.സി. വോൾവോ ബസ്സുകൾ ഓടിക്കാൻ പദ്ധതിയിടുന്നുണ്ട്.

53. എന്റെ സർക്കാർ ജലഗതാഗത മേഖലയിൽ പത്ത് സ്റ്റീൽ ബോട്ടുകളും നാല് പുതിയ ആധുനിക സ്റ്റീൽ ബോട്ടുകളും സർവ്വീസ് ആരംഭിച്ചു. രണ്ട് ചരക്കു ബോട്ടുകൾ വാങ്ങുകയും 25 വർഷത്തിൽ കൂടുതൽ പഴക്കമുള്ള എല്ലാ ബോട്ടുകളും മാറ്റി പുതിയവ കൊണ്ടുവരികയും പോഞ്ഞിക്കരയിലുള്ള സ്ലിപ്‌വേ പൂർത്തീകരിക്കുകയും, ആലപ്പുഴയിലുള്ള വർക്ക്ഷോപ്പ് നവീകരിക്കുകയും മുഹമ്മ സ്റ്റേഷന്റെയും പയ്യന്നൂർ പ്രദേശത്തെ കോൺക്രീറ്റ് ജെട്ടികളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും. കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ. റ്റി. ടി. എഫ്. സി.) വിദ്യാഭ്യാസവായ്പ പദ്ധതികൾ ഈ വർഷം ആരംഭിക്കും. കെ. റ്റി. ടി. എഫ്. സി. 2009-2010 വർഷത്തിൽ ആധുനിക സൗകര്യങ്ങളുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ ബിഒടി അടിസ്ഥാനത്തിൽ കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയിൽ അങ്കമാലി, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരത്ത് തമ്പാനൂർ, പേരൂർക്കട, ഫോർട്ട് എന്നിവിടങ്ങളിലും നിർമ്മിക്കുന്നതാണ്.

54. പ്രവാസി കേരളീയരുടെ കുട്ടികൾക്ക്, മലയാളഭാഷയുടെയും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെയും പഠനം സുഗമമാക്കുന്നതിനായി എന്റെ സർക്കാർ മലയാളം മിഷൻ ആരംഭിച്ചിട്ടുണ്ട്.

വിദേശത്തു താമസിക്കുന്ന പ്രവാസി കേരളീയരുടെ കുട്ടികൾക്ക് ഈ മിഷന്റെ സേവനം പ്രദാനം ചെയ്യുന്നതിനുള്ള നടപടികളും എടുക്കുന്നതാണ്.

55. മൊത്തം ഉല്പാദനം, മൂല്യവർദ്ധനവ്, തൊഴിൽ, മൂലധന നിക്ഷേപം, നികുതി വിഹിതം എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക നടപടികളുടെ ഫലമായി വിനോദസഞ്ചാരം ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ വ്യവസായമായിട്ടുണ്ട്. കൊച്ചി ബോൾഗാട്ടിയിൽ ഉല്ലാസനൗകകൾ അടുപ്പിക്കുന്നതിനുള്ള സൗകര്യം, കോഴിക്കോട് സരോവരം പ്രോജക്റ്റ്, ചെന്നൈയിൽ കേരള ഹൗസും, ഹോട്ടൽ പ്രോജക്റ്റുകളും, മുംബൈയിൽ കേരള ഹൗസ്, കൽക്കട്ടയിൽ വിവരങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ, തിരുവനന്തപുരം ആക്കുളത്ത് അന്തർദ്ദേശീയ കൺവെൻഷൻ കേന്ദ്രം, കോഴിക്കോട് ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സൗകര്യങ്ങൾ എന്റെ സർക്കാർ ഉണ്ടാക്കിയിട്ടുണ്ട്. 2008 ഒക്ടോബർ വരെ കേരളത്തിലെത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 4,66,034 ആയിരുന്നു, അതായത്, മുൻവർഷം ഇതേ കാലയളവിലേതിനേക്കാൾ 20.13% വർദ്ധനവാണ് കാണിക്കുന്നത്. 2008 ഒക്ടോബർ വരെ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 61,45,717 ആയിരുന്നു. അതായത്, മുൻവർഷം ഇതേകാലയളവിലേതിനെക്കാൾ 14.55% വർദ്ധനവാണ് കാണിക്കുന്നത്. 2007-ൽ ടൂറിസത്തിൽ നിന്നു ലഭിച്ച ആകെ വരുമാനം 11,433 കോടി ആണ്. അതായത്, കഴിഞ്ഞ വർഷങ്ങളിലെ കണക്കുകളെ അപേക്ഷിച്ച് 25.28% വർദ്ധനവാണ് കാണിക്കുന്നത്. പത്ര-ദൃശ്യമാധ്യമങ്ങൾ വഴി അന്തർദ്ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ 2008-2009-ലെ വോൾവോ ഓഷ്യൻ റേസ് (Volvo Ocean Race)-ന് എന്റെ സർക്കാർ എടുത്ത ഉദ്യമത്തിലൂടെ ഒരു ഇടത്താവളം ഒരുക്കുവാൻ കഴിഞ്ഞു. 'കിറ്റ്സ്'-ൽ, (KITTS) രണ്ടു വർഷ ട്രാവൽ ആന്റ് എം.ബി.എ. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ, എയർഹോസ്റ്റസ് കോഴ്സിൽ ഒരു വർഷത്തെ ട്രാവൽ ആന്റ്

ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഡിപ്ലോമാ കോഴ്സും പുതുതായി ആരംഭിച്ചിട്ടുണ്ട്. വിവിധ ആധുനിക പ്രവർത്തനങ്ങൾ മുഖേന കേരള വിനോദസഞ്ചാര വികസന കോർപ്പറേഷനെ ഒരു ലാഭകരമായ സ്ഥാപനമാക്കിമാറ്റുന്ന കാര്യത്തിൽ എന്റെ സർക്കാർ ശ്രദ്ധ പതിപ്പിച്ചുവരുന്നു. ഇതിന്റെ ഫലമായി സംസ്ഥാനം ഭാരതത്തിൽ ഒന്നാം സ്ഥാനവും അന്തർദ്ദേശീയ തലത്തിൽ പത്താം സ്ഥാനവും നേടിയിട്ടുണ്ട്. അഞ്ചു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വാണിജ്യ വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിലേക്കായി സർക്കാർ ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആരംഭിച്ചു.

56. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്‌വഴി ഒരു ബൃഹത്തായ പരിശീലന പരിപാടി എന്റെ സർക്കാർ നടപ്പിലാക്കുന്നതും ഐ.എം.ജി.-യെ രാജ്യത്തെ മികച്ച പരിശീലന സ്ഥാപനങ്ങളിൽ ഒന്നാക്കി വികസിപ്പിച്ചെടുക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാർക്കായി ഐ.എം.ജി. നിർബന്ധിത പ്രാരംഭ പരിശീലനം നൽകുകയും അതുവഴി നയപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ചട്ടങ്ങളും നടപടിക്രമങ്ങളും പരിചിതമാക്കുന്നതിനും അവരെ ആവശ്യമായ കഴിവുകളോടെ സജ്ജരാക്കുകയും ചെയ്യും. 2008-ലെ കേരളത്തിന്റെ ബൗദ്ധികസ്വത്തവകാശ നയം, എന്റെ സർക്കാർ 3-6-2008-ൽ പ്രകാശനം ചെയ്തു.

57. എന്റെ സർക്കാർ, കേരള സംസ്ഥാനത്തിലെ ആദ്യത്തെ സമ്പൂർണ്ണ കംപ്യൂട്ടർവൽക്കൃത സർക്കാർ വകുപ്പായി നിയമ വകുപ്പിനെ പ്രഖ്യാപിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് കൂടാതെ കേരളത്തിലെ 14 ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകളിലും ന്യൂഡൽഹിയിലെ ലാ ഓഫീസറുടെ ഓഫീസിലും ഓൺലൈൻ നിരീക്ഷണ സമ്പ്രദായം വിജയകരമായി സ്ഥാപിച്ചിട്ടുണ്ട്.

58. മുൻ സുപ്രീംകോടതി ജഡ്ജി, ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപവൽക്കരിക്കപ്പെട്ട നിയമപരിഷ്ക്കരണകമ്മീഷൻ,

104 ബില്ലുകളുടെ കരട് തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മീഷൻ, ഇത്തരത്തിലുള്ള ഏക സ്ഥാപനം, ഇതുവരെ 224 കേന്ദ്ര നിയമങ്ങൾ ആധികാരികപാഠങ്ങളായും, ഭാരതത്തിന്റെ ഭരണഘടനയുടെ ദ്വിഭാഷാപതിപ്പും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും അംഗത്തിന് നൽകേണ്ടതായ ക്ഷേമനിധിതുക 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ കേരള അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധിയിലെ അംഗത്തിന് അനുവദനീയമായ തുക ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്, ആയത്, ചുരുങ്ങിയ അഞ്ചു വർഷക്കാലയളവിനുള്ളിലെ നൂറുശതമാനം വർദ്ധനവാണ്.

69. ഉന്നത വിദ്യാഭ്യാസം പ്രാപ്യമാക്കുന്നതിനും അത് നീതിപൂർവ്വകവും മികവുറ്റതും ആക്കുന്നതിനും എന്റെ സർക്കാർ പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് ഒരു നൂതന നയം എന്റെ സർക്കാർ രൂപീകരിക്കും. ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് നിധിയുടെ രൂപീകരണം എന്റെ സർക്കാരിന്റെ സുപ്രധാന നേട്ടമാണ്. ഭാരതത്തിലെയും വിദേശത്തെയും നോബേൽ സമ്മാനജേതാക്കളും പ്രഗത്ഭരായ പണ്ഡിതരുമായി നമ്മുടെ സർവ്വകലാശാലകളിലെ ഫാക്കൽറ്റിയും വിദ്യാർത്ഥികൾക്കും സംവേദനം നടത്താനുള്ള അവസരം നൽകുന്ന 'എറുഡൈറ്റ്'-'സ്കോളേഴ്സ് ഇൻ-റെസിഡൻസ് പ്രോഗ്രാം' എന്റെ സർക്കാർ ആരംഭിക്കുന്നതാണ്. രാജ്യത്തിനകത്തുള്ള പ്രശസ്ത ഫാക്കൽറ്റിയിലും സ്ഥാപനങ്ങളിലും ഏതെങ്കിലും വിജ്ഞാനശാഖയിൽ ഹ്രസ്വകാലഗവേഷണ പരിപാടികൾ നടത്തുന്നതിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള ഒരു സ്കോളർഷിപ്പ് പദ്ധതിയാണ് 'ആസ്പയർ'. കേരളത്തിലെ യുവവിദ്യാർത്ഥികൾക്കിടയിൽ ശാസ്ത്ര ഔത്സുക്യം ചെലുത്തുന്നതിനായി ഒരു നൂതന ശാസ്ത്ര പ്രചരണ പരിപാടി 'ഇൻകൽകേറ്റ്' കൊണ്ടുവരുന്നതാണ്. ഈ വർഷം സ്കൂൾ ഓഫ് ഈസ്തെറ്റിക്സ് ആന്റ് കൾച്ചർ-ഉം ആരം

പോലെതന്നെ ഐ. എസ്. ആർ. ഒ.- യുടെ സഹായത്തോടുകൂടി ഒരു സ്പേസ് ഗാലറിയും പ്രവർത്തനം ആരംഭിക്കുന്നതാണ്.

60. വികലാംഗരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനും അവർക്കായി വിദ്യാഭ്യാസ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന, വികലാംഗരുടെ പഠനത്തിനായുള്ള, ഒരു പുതിയ സ്ഥാപനം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനുവേണ്ടി 16 എൻജിനീയറിംഗ് കോളേജുകളിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന്, എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ക്ലാസ്സ് മുറികളുടെ നവീകരണവും വിദ്യാഭ്യാസ വിഷയങ്ങളുടെ വിപുലീകരണവും എൻജിനീയറിംഗ് വിദ്യാഭ്യാസത്തിലുള്ള പ്രധാന ഉദ്യമങ്ങൾ ആയിരിക്കും. പോളിടെക്നിക് വിദ്യാർത്ഥികളുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതാണ്. അട്ടപ്പാടിയിലെ ട്രൈബൽ എൻജിനീയറിംഗ് കോളേജ് പാർശ്വവൽക്കരിക്കപ്പെട്ടവർക്കായുള്ള ഒരു പുതിയ സംരംഭമാണ്. സമൂഹത്തിലെ പിന്നാക്കവിഭാഗങ്ങളുടെ ഗുണത്തിനായി മലപ്പുറത്തും പാലക്കാട്ടും കരിയർ ഡെവലപ്മെന്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. എല്ലാ എ, ബി ഗ്രേഡ് ലൈബ്രറികളിലും ഘട്ടംഘട്ടമായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള കമ്പ്യൂട്ടർവൽക്കരണത്തിനായി ഒരു പുതിയ പദ്ധതി എന്റെ സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഗുണനിലവാരമുള്ളതും വൈദഗ്ദ്ധ്യമുള്ളതുമായ അച്ചടി ജോലികൾ ഏറ്റെടുക്കുന്നതിന് പ്രാപ്തമാക്കുന്ന ഒരു സ്ഥാപനമാക്കി കേരള സംസ്ഥാന ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനെ വികസിപ്പിക്കുന്നതിനും അവിടെ ഒരു ബ്രെയില്ലി പ്രസ്സ് സ്ഥാപിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പരീക്ഷകളിൽ കൂടുതൽ പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറേറ്റ് നടത്തുന്ന പൊതു

പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് അവരെ അപേക്ഷാ ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

61. സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം (പി.ഡി.എസ്.) വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യധാന്യങ്ങളുടെ മാസവിഹിതം (കഴിഞ്ഞ 2 വർഷക്കാലയളവിൽ അത് ഭീമമായി കുറച്ചിട്ടുണ്ട്.) എ.പി.എൽ., ബി.പി.എൽ., എ.എ.വൈ., അന്നപൂർണ്ണ കാർഡുടമകൾക്കും കാര്യക്ഷമമായി വിതരണം ചെയ്തു വരുന്നുണ്ട്. വില വർദ്ധനവും പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടയുന്നതിനായി പൊതുവിതരണ കേന്ദ്രങ്ങളിലും പൊതുവിപണിയിലെ വ്യാപാര കേന്ദ്രങ്ങളിലും നിരന്തരമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. വിലക്കയറ്റം, പ്രത്യേകിച്ചും ഉത്സവകാലങ്ങളിൽ നിയന്ത്രിക്കുന്നതിനും കാർഡുടമകൾക്ക് നല്ല ഗുണനിലവാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയും വിധം പൊതു വിതരണസമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും ഫലപ്രദ മായ നടപടികൾ എടുത്തിട്ടുണ്ട്. പൊതുവിതരണസമ്പ്രദായത്തിൻ കീഴിൽ പൊതുജനങ്ങൾക്കു നൽകിവരുന്ന സേവനത്തിന്റെ ഗുണനില വാരം മെച്ചപ്പെടുത്തുന്നതിനായി റേഷൻ കടകൾ നവീകരിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. പുതിയ റേഷൻ കാർഡുകളുടെ വിതരണം 2009 മാർച്ച് മാസത്തോടെ പൂർത്തിയാകുന്നതാണ്.

62. ഉപഭോക്തൃ തർക്ക പരിഹാര സംവിധാനത്തിന് ഫലപ്രദ മായ ഒരു ബദൽ സംവിധാനമായ 'സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈൻ' ഉടൻ തന്നെ കമ്മീഷൻ ചെയ്യുന്നതും അതുവഴി പൗരൻമാർക്ക് സംസ്ഥാനത്തിന്റെ ഏതുഭാഗത്തുനിന്നും ടെലിഫോൺ (ടോൾഫ്രീ) മുഖേന അവരുടെ ദൈനംദിന ഉപഭോക്തൃ പ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങളോ, ഉപദേശമോ, മാർഗ്ഗനിർദ്ദേശമോ തേടാവുന്നതുമാണ്. എറണാകുളത്തെ കാക്കനാട്ടുള്ള ലീഗൽ മെട്രോളജി ഭവനിൽ പ്രവർത്തി ക്കുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ ബി.ഐ.എസ്. ഹാൾ മാർക്കിംഗ് റഫറൽ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി ഈ

സാമ്പത്തികവർഷാവസാനത്തോടെ പൂർത്തിയാകുന്നതാണ്. കഴിഞ്ഞ നാലു സാമ്പത്തികവർഷങ്ങളിൽ പിരിച്ചെടുത്ത കോമ്പൗണ്ടിംഗ് ഫീസ് കാണിക്കുന്നത് അത് പിരിച്ചെടുക്കുന്നതിൽ മൂന്നുമടങ്ങ് വർദ്ധനവ് ഉണ്ടായതായാണ്. ഒരു പുതിയ ടാങ്കർലോറി കാലിബ്രേഷൻ യൂണിറ്റ് കൊല്ലത്ത് സ്ഥാപിക്കും. പൊതുവിപണിയിലെ വിലയേക്കാൾ 30% കുറച്ച് അവശ്യസാധനങ്ങൾ വിതരണം ചെയ്തുകൊണ്ട് വിപണിയിൽ കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ശക്തമായ ഇടപെടലിന്റെ ഫലമായി പൊതുവിപണിയിലെ അന്യായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും, സപ്ലൈകോയുടെ വിപണിവിഹിതം കഴിഞ്ഞ രണ്ടുവർഷങ്ങളിൽ 16%-ൽ നിന്നും 25%-ലേക്ക് ഉയർത്തുന്നതിനും സാധിച്ചു.

63. എന്റെ സർക്കാർ, ഈ ഓണക്കാലത്ത് സംസ്ഥാനത്തെ ബി.പി.എൽ. കാർഡുടമകൾക്ക് അവശ്യസാധനങ്ങൾ അടങ്ങിയ 17.54 ലക്ഷം ഓണക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സപ്ലൈകോ വിതരണ കേന്ദ്രങ്ങൾ സന്ദർശിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം പ്രതിമാസം 2006-ൽ 52 ലക്ഷമായിരുന്നത് 2008-ൽ 80 ലക്ഷമായി ഉയർന്നു. എം.ആർ.പി. യിൽ നിന്നും 10%—25% വരെ കിഴിവിൽ ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഔഷധങ്ങളും 87 മെഡിക്കൽ സ്റ്റോറുകൾവഴി വിതരണം ചെയ്യുന്നു. ഈ വർഷം 25 പുതിയ മാവേലി മെഡിക്കൽ സ്റ്റോറുകളും 50 മാവേലി സ്റ്റോറുകളും തുറക്കുന്നതാണ്. വിലയിലെ ആനുകൂല്യം കൂടുതൽ ആളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി നിലവിലുള്ള മാവേലി സ്റ്റോറുകളിൽ 250 എണ്ണം സൂപ്പർമാർക്കറ്റുകളാക്കി മാറ്റുന്നതാണ്.

64. ദൈനംദിനം ഉയർന്നുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ ആവശ്യകത നിറവേറ്റുന്നതിനായി നിലവിലുള്ള ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് കേരള സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്. പ്രകൃത്യാ സമൃദ്ധമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വലുതും ചെറുതുമായ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തി

വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വലിയൊരളവിൽ ഉപയോഗപ്പെടുത്തുന്നതാണ്. നേര്യമംഗലം എക്സ്റ്റൻഷനും, കുറ്റ്യാടി ടെയിൽറേസ് സ്കീമിന്റെ രണ്ട് യൂണിറ്റുകളും കമ്മീഷൻ ചെയ്യുതോടെ 27.5 മെഗാവാട്ട് വൈദ്യുതി നടപ്പുവർഷത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, രാമക്കൽമേട് വിൻഡ് ഫാം എന്നീ രണ്ട് പദ്ധതികൾ 2009-2010-ൽ പൂർത്തിയാക്കുന്നതിലൂടെ എന്റെ സർക്കാർ 103.75 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാൻ പദ്ധതിയിടുന്നു. 223.55 മെഗാവാട്ട് ശേഷിയുള്ള 7 പുതിയ ജല വൈദ്യുതപദ്ധതികൾ കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെ ഊർജ്ജമേഖലയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കേരളത്തിൽ കാറ്റിൽ നിന്ന് ഉണ്ടാക്കാവുന്ന വൈദ്യുതി 600 മെഗാവാട്ട് ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. അഗളിയിലും രാമക്കൽമേട്ടിലും വിൻഡ് ഫാമുകൾ സ്വകാര്യമേഖലയിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. 25-30 വർഷക്കാലയളവിലേക്ക് 1000 മെഗാവാട്ട് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിന് ഒറീസ്സയിലെ ബെയ്തർണി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് കൽക്കരി വിഹിതം ലഭിച്ചിട്ടുണ്ട്. കൽക്കരി ഖനി വികസിപ്പിക്കുന്നതിനും കൽക്കരി ഖനനം ചെയ്യുന്നതിനും വേണ്ടി കെ.എസ്.ഇ.ബി., ഒ.എച്ച്.പി.സി., ജി.പി.സി.എൽ. എന്നിവർ ചേർന്ന്, ബെയ്തർണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ് (ബി.ഡബ്ല്യു.സി.സി.എൽ.) എന്ന പേരിൽ ഒരു സംയുക്ത സംരംഭ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

65. വിതരണത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്തുന്നതിനായി പ്രസരണശൃംഖല ശക്തിപ്പെടുത്തുകയും അതുവഴി ഓവർലോഡിംഗും പ്രസരണ-വിതരണ നഷ്ടവും കുറച്ചുകൊണ്ട് വോൾട്ടേജ് നില മെച്ചപ്പെടുത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 220 കെ.വി. സബ്സ്റ്റേഷനുകൾ രണ്ട് എണ്ണവും 110 കെ.വി.

സബ്സ്റ്റേഷനുകൾ 19 എണ്ണവും 66 കെ.വി സബ്സ്റ്റേഷനുകൾ 3 എണ്ണവും 33 കെ.വി. സബ്സ്റ്റേഷനുകൾ 25 എണ്ണവും അതുമായി ബന്ധപ്പെട്ട ലൈനുകളും നിർമ്മിക്കുന്നതിനാണ് 2009-2010 ലക്ഷ്യമിട്ടിട്ടുള്ളത്. സർവ്വീസ് കണക്ഷനുവേണ്ടിയുള്ള അപേക്ഷാ നടപടിക്രമം ലഘൂകരിച്ചതും അടഞ്ഞുകിടന്നതും 31-12-2008-ലോ അതിനു മുമ്പോ പ്രവർത്തനം പുനരാരംഭിച്ചതുമായ എല്ലാ തോട്ടം യൂണിറ്റുകളെയും വ്യവസായ യൂണിറ്റുകളെയും സംബന്ധിച്ച് അടഞ്ഞുകിടന്നിരുന്ന കാലയളവിലെ വൈദ്യുതിയുടെ ഏറ്റവും കുറഞ്ഞ ഡിമാന്റ് ചാർജ്ജുകൾ/ഫിക്സഡ് ചാർജ്ജുകൾ വേണ്ടെന്ന് വയ്ക്കുന്നതിനായി സ്വീകരിച്ച നടപടികളുമാണ് വിതരണ വിഭാഗത്തിലെ മുഖ്യമായ നേട്ടങ്ങൾ. ഉപഭോക്തൃ രജിസ്ട്രേഷൻ ഉൾപ്പെടെ എല്ലാ വിഭാഗങ്ങളിലും എൽ. റ്റി. ബില്ലിംഗ് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി. നടപ്പുവർഷത്തിൽ 31-12-2008 വരെ 3,14,384 സർവ്വീസ് കണക്ഷനുകൾ നൽകുകയും 1810.4 കി. മീ. 11 കെ. വി. ലൈനും 4633.51 കി. മീ. എൽ. റ്റി. ലൈൻ സ്ഥാപിക്കുകയും 2433 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. എന്റെ സർക്കാർ 5,00,000 സർവ്വീസ് കണക്ഷനുകൾ നൽകുകയും സമൂഹത്തിലെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ 50,000 വീടുകൾ വൈദ്യുതീകരിക്കുകയും ചെയ്യും. 10,00,000 സി. എഫ്. വിളക്കുകൾ സൗജന്യമായി ഉപഭോക്താക്കൾക്കു നൽകിക്കൊണ്ട് ഗാർഹിക ഉപഭോക്താക്കളുടെ ഫിലമെന്റ് ലാമ്പുകൾ മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.

68. 2003-ലെ വൈദ്യുതി ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം എന്റെ സർക്കാർ കെ.എസ്.ഇ.ബി.-യെ 1956-ലെ ഇൻഡ്യൻ കമ്പനി ആക്റ്റിൻ കീഴിലുള്ള ഒരു കമ്പനിയായി പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് 25-9-2008-ൽ ബോർഡിന്റെ പ്രവർത്തനങ്ങളും വസ്തുവകകളും എല്ലാ ആദായങ്ങളും വസ്തുക്കളിലെ അവകാശങ്ങളും എല്ലാ

അവകാശങ്ങളും ബാധ്യതകളും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കി. കെ.എസ്.ഇ.ബി.-യെ പൊതുമേഖലയിൽ വ്യതിരിക്തമായ നിലനില്പുള്ള ഒരു സ്ഥാപനമായി നിലനിർത്തുകയാണ് സംസ്ഥാന സർക്കാരിന്റെ നയം. 2006-ലെ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡിൽ പങ്കെടുത്ത വ്യവസായങ്ങളും മറ്റ് സംഘടനകളും 5 മെ. വാട്ട് വൈദ്യുതിയും 37,000 മെട്രിക് ടൺ എണ്ണയും ലാഭിച്ചു. എന്റെ സർക്കാർ ടോൾഫ്രീ ടെലിഫോൺ നമ്പറുള്ള ഒരു എനർജി ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കാൻ പദ്ധതിയിടുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഫീസുകളും 'ഫ്രണ്ട്സ്' മുഖേന ഈടാക്കുന്നത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. 'അനെർട്ട്'-ൽ ഒരു ടെക്നോളജി എന്റർപ്രണർഷിപ്പ് പ്രമോഷൻ സെൽ (റ്റി. ഇ. പി. ഐ. സി.) സ്ഥാപിച്ചുകൊണ്ട് ആവർത്തന ഊർജ്ജ മേഖലയിലെ നിക്ഷേപങ്ങൾ സമാഹരിക്കുന്നതാണ്. അനെർട്ട്, ഇ.എം.സി. മുതലായ ഏജൻസികൾ സാമ്പത്തികമായി വിജയകരമായവയാണെന്ന് കണ്ടെത്തിയ സോളാർ, ബയോമാസ് മുതലായ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

67. സംസ്ഥാനത്തെ 13 നദീതട ജലസ്രോതസ്സുകൾക്ക് ഒരു പ്രധാന ജലഗുണനിലവാര നിരീക്ഷണ പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കി. സംസ്ഥാന ബയോ-ടെക്നോളജി കമ്മീഷൻ, ബയോ-ടെക്നോളജി ബോർഡ് എന്നിവ പുനരുജ്ജീവിപ്പിക്കുകയും ഡി. എൻ. എ. ബാർകോഡിംഗിനുവേണ്ടി ഒരു പുതിയ കേന്ദ്രം തിരുവനന്തപുരത്ത് തുറക്കുകയും ചെയ്തു. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം.) തുറന്നു. മലബാർ ബൊട്ടാണിക് ഗാർഡൻ സൊസൈറ്റി വളരെ അധിക സൗകര്യങ്ങളോടെ വിപുലീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. എന്റെ സർക്കാർ സംസ്ഥാനത്ത് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാനാവശ്യമായ ജില്ലാതല മൾട്ടി ഹസാർഡ് ഭൂപടം തയ്യാറാക്കുകയും, സംസ്ഥാനത്തെ

പ്രധാന നദികളിലെ ജലഗുണനിലവാര നിരീക്ഷണം പൂർത്തിയാക്കുകയും, കേരള റോഡ് സുരക്ഷാ അതോറിറ്റിക്കുള്ള റോഡ് സുരക്ഷാ കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്യും. സംസ്ഥാനത്തെ പ്രധാന നഗരങ്ങൾക്കായി ട്രാഫിക്കിനും ഗതാഗതത്തിനും വേണ്ടിയുള്ള സംയോജിത വികസന പദ്ധതി സമയബന്ധിതമായി ഏറ്റെടുക്കുന്നതാണ്. പ്രധാന തണ്ണീർത്തടങ്ങൾക്കും പെരിയാർ നദീതടത്തിനുമുള്ള എസ്. ആൻറ് ടി. മാനേജ്മെൻറ് കർമ്മപദ്ധതി ഏറ്റെടുക്കുന്നതാണ്. സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ എൻവയോൺമെന്റൽ സയൻസ് ആന്റ് എൻജിനീയറിംഗ് എന്ന പേരിൽ ഒരു പുതിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. ധാതുക്കളും നാനോ ടെക്നോളജിയും സംബന്ധിച്ച പഠനത്തിനായി ഒരു പുതിയ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

68. 27-9-2008 മുതൽ കോട്ടയത്ത് എൻക്വയറി കമ്മീഷണറുടെയും, സ്പെഷ്യൽ ജഡ്ജിയുടെയും ഒരു പുതിയ കോടതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തീർപ്പാകാതെ കിടക്കുന്ന വിജിലൻസ് കേസുകൾ കുറച്ചുകൊണ്ടുവരുന്നതിന് ഇത് സഹായകമാകും.

69. വിഴിഞ്ഞത്തും മുതലപ്പൊഴിയിലും തോട്ടപ്പള്ളിയിലും നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം 2009-2010 വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. നീണ്ടകര, ചോമ്പാൽ, പുതിയപ്പ, മുനമ്പം, മാപ്പിള ബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ അടുത്ത വർഷം പൂർത്തീകരിക്കുന്നതാണ്. ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം ഈ ബജറ്റ് വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. തങ്കശ്ശേരി, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം അടുത്തവർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പരപ്പനങ്ങാടി, താനൂർ, മഞ്ചേശ്വരം, വലിയതുറ, പൂന്തുറ, വെള്ളയിൽ എന്നിവിടങ്ങളിൽ പുതിയ മത്സ്യബന്ധന

സുറവുഖങ്ങൾ കൊണ്ടുവരുന്നതിനായുള്ള പരിശോധനയും, സാധ്യതാ പഠനവും 2009-2010-ൽ പൂർത്തീകരിക്കുന്നതാണ്. റ്റി. ആർ. പി. പ്രവൃത്തികൾ 2009 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.

70. പത്താം ക്ലാസ്സ് വരെയുള്ള പാഠ്യപദ്ധതിയുടെ പരിഷ്കരണത്തെ തുടർന്ന് ഹയർ സെക്കൻഡറി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിച്ചു. ഈ തലത്തിൽ മൂല്യനിർണ്ണയത്തിന് ഗ്രേഡിംഗ് സമ്പ്രദായവും നടപ്പിലാക്കി. സാമൂഹ്യക്ഷേമ നടപടിയുടെ ഭാഗമായി, ഹയർ സെക്കൻഡറി സ്കൂൾ തലത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഒരു സമഗ്ര സ്കോളർഷിപ്പ് പദ്ധതി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

71. എല്ലാ സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രവേശന പ്രക്രിയയിൽ സുതാര്യത, സാമൂഹ്യനീതി, അവസരസമത്വം, യോഗ്യത എന്നിവ ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ ഏകജാലക പ്രവേശനം ആരംഭിച്ചു. അൻപത് ശതമാനത്തിൽ താഴെ റിസൽട്ട് നേടിയിട്ടുള്ള സംസ്ഥാനത്തെ 62 വി. എച്ച്. എസ്. ഇ. സ്കൂളുകളിൽ റെമഡിയൽ കോച്ചിംഗ് ക്ലാസ്സുകൾക്കായി ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. 389 സ്കൂളുകളിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ശിശു സൗഹൃദപാഠ പുസ്തകങ്ങൾ, ഒരു ബദൽ സംവിധാനം എന്ന നിലയിൽ 'ബാലശിക്ഷ ബോധനവിദ്യ' അടിസ്ഥാനമാക്കി വികസിപ്പിക്കാൻ കഴിയുമെന്നതിനുള്ള യഥാർത്ഥ സാധ്യതകൾ രാജ്യത്തിന് കാണിച്ചു കൊടുത്തത് കേരളമാണ്. എന്റെ സർക്കാർ എസ്. ഇ. ആർ. റ്റി.-യെ വിദ്യാഭ്യാസ ഗവേഷണ രംഗത്ത് ഒരു മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

72. 2009-ലെ പബ്ലിക്ക് ഹെൽത്ത് ബില്ലും 2009-ലെ പാരാമെഡിക്കൽ ബില്ലും കേരള നിയമസഭ മുമ്പാകെ

അവതരിപ്പിക്കും. എൻ.ആർ.എച്ച്.എം. മുഖേന 'ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യ' (ക്യു.സി.ഐ.)-യുടെ കീഴിൽ ആശുപത്രികളുടെയും ലാബുകളുടെയും അക്രഡിറ്റേഷൻ നടപ്പിലാക്കുന്നതാണ്. സംസ്ഥാനതല ഡിസീസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വീണ്ടും വിപുലീകരിക്കുന്നതാണ്. രോഗ പരിചരണത്തിനായുള്ള 'ആശ' വനിത വോളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. ജി.പി.എസ്. അധിഷ്ഠിത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എല്ലാ പി.എച്ച്. സെന്ററുകളും സി.എച്ച്. സെന്ററുകളും വെബ് ബെയ്സ്ഡ് ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതാണ്. ഓട്ടിസം, മാനസിക വളർച്ചയില്ലായ്മ, മാനസിക വൈകല്യമുള്ള കുട്ടികളുടെ അവശത എന്നിവയുടെ ജനിതക കാരണങ്ങളെ കുറിച്ചുള്ള ഗവേഷണത്തിനും പഠനത്തിനുമായി 'ഐക്കൺസ്' കമ്മ്യൂണിറ്റി ഔട്ട് റീച്ച് സെന്ററുകൾ ആരംഭിക്കുന്ന താണ്. റീജിയണൽ ക്യാൻസർ സെന്ററും മലബാർ ക്യാൻസർ സെന്ററും വീണ്ടും വിപുലീകരിക്കുന്നതാണ്. കേരള സർക്കാരും M/s. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡും തമ്മിൽ പബ്ലിക്-പബ്ലിക് പങ്കാളിത്തത്തിൽ കോട്ടയം, ആലപ്പുഴ, തൃശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ എം. ആർ. ഐ. സ്കാനറുകൾ സ്ഥാപിക്കുന്നതാണ്. തൃശൂർ മെഡിക്കൽ കോളേജിൽ കാത് ലാബുകൾ സ്ഥാപിക്കുന്നതാണ്. ആയുർവേദ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. എൻഫോഴ്സ്മെന്റ് സംവിധാനം ശക്തി പ്പെടുത്തുന്നതിന് എറണാകുളത്ത് റീജിയണൽ ഡ്രഗ്ഗ് ടെസ്റ്റിംഗ് ലാബ് ആരംഭിക്കുന്നതാണ്.

73. കേരളത്തിന്റെ ക്രമസമാധാനനില, യാതൊരുവിധ ഭീകരവാദ ത്തിന്റേയോ സാമുദായിക കലാപത്തിന്റേയോ ഗുരുതരമായ പ്രശ്നങ്ങളും ഇല്ലാതെ, പൂർണ്ണമായും നിയന്ത്രണ വിധേയമാണ്. നിരവധി സാമൂഹ്യ വിരുദ്ധരെ കണ്ടെത്തുകയും അവർക്കെതിരെ 2007-ലെ കേരള

സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് പ്രകാരം നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഒരു നവീന ഡി. എൻ. എ. അനാലിസിസ് ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് ലാബും സ്ഥാപിച്ചിട്ടുണ്ട്. പുരോഗമന രാജ്യങ്ങളിലെപ്പോലെ ടെറസ്ട്രിയൽ റേഡിയോ ട്രാക്കിംഗ് സർവ്വീസ് (ടെട്രാ) രാജ്യത്ത് ആദ്യമായി ഉപയോഗിച്ച പോലീസ് സേന കേരള പോലീസാണ്. മയക്കുമരുന്നുകളുടെയും ലഹരി മരുന്നുകളുടെയും കേസുകൾ കൈകാര്യം ചെയ്യുന്നതിന് കേരള ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (കെ.എ.എൻ.എസ്.എ.എഫ്.) എന്ന പേരിൽ ഒരു വിദഗ്ദ്ധ ഏജൻസി രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്തെ 20 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ച ജനമൈത്രി പോലുള്ള ജനകീയ പോലീസ് സംവിധാന സമ്പ്രദായങ്ങൾ പോലീസ് സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ജനങ്ങളുടെ ആവേശകരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**74.** കണ്ണൂർ സെൻട്രൽ ജയിലിൽ സി. സി. റ്റി. വി. സെക്യൂരിറ്റി സർവെയ്‌ലൻസ് സിസ്റ്റം സ്ഥാപിച്ചു. കണ്ണൂർ സെൻട്രൽ ജയിലിൽ ഒരു സുരക്ഷാ സംവിധാനമെന്ന നിലയിൽ മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കുറ്റിക്കോൽ, കൊടുങ്ങല്ലൂർ, നാദാപുരം എന്നിവിടങ്ങളിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. പൂവാറിലും വടക്കാഞ്ചേരിയിലും പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ഉടൻ തുറക്കുന്നതാണ്.

75. ഭാരത സർക്കാരിന്റെ ധനസഹായത്തോടുകൂടി സംസ്ഥാനത്ത് അടുത്ത വർഷം ഒരു ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ കൂടി രൂപീകരിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്തിനകത്ത്

ഭീകരാക്രമണങ്ങളും അതുപോലുള്ള സംഭവങ്ങളും കൈകാര്യം ചെയ്യുന്നതിനും ആഭ്യന്തര സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആധുനിക ഉപകരണങ്ങളും ആയുധങ്ങളും നൽകി രണ്ട് കമാൻഡോ കമ്പനികളും കൂടി രൂപീകരിക്കുന്നതാണ്. നിലവിലുള്ള സുരക്ഷാസ്ഥിതി കണക്കിലെടുത്ത് നാലു മേഖലകളിൽ ഒരു ക്വിക്ക് റിയാക്ഷൻ ടീം (ക്യൂ.ആർ.റ്റി.) രൂപീകരിക്കുന്നതാണ്. സായുധ കലാപം/ഭീകര പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഇന്റലിജൻസ് സംവിധാനത്തോടൊപ്പം പോലീസിന്റെ ഇന്റലിജൻസ് വിഭാഗത്തെയും ശക്തിപ്പെടുത്തുന്നതാണ്. ജനമൈത്രി പദ്ധതിയിലെ ജനകീയ പോലീസ് സംവിധാന സമ്പ്രദായങ്ങൾ 20 പോലീസ് സ്റ്റേഷനുകളിൽകൂടി വ്യാപിപ്പിക്കുന്നതാണ്. അപകടങ്ങൾ കുറയ്ക്കുന്ന തിനും അപകടത്തിൽപ്പെട്ടവർക്ക് അടിയന്തിര സഹായം എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ട്രാഫിക് സംവിധാനം ശരിയായി നടപ്പിലാക്കുന്നതിനായി ട്രാഫിക് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ട്രാഫിക് ട്രൂപ്പർ ആയി പ്രത്യേകമായി രൂപീകരിക്കുന്ന താണ്.

76. എന്റെ സർക്കാർ, ജയിൽ ആസ്ഥാനത്തിനുവേണ്ടി ഒരു പുതിയ കെട്ടിടവും മധ്യതിരുവിതാംകൂർ ഭാഗത്ത് ഒരു പുതിയ സെൻട്രൽ ജയിലും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. 2009-2010 വർഷത്തിൽ സംസ്ഥാനത്ത് ഒൻപത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഹോം ഗാർഡുകളെ പുനഃസംഘടിപ്പിക്കാൻ കഴിയുമോ എന്ന ലക്ഷ്യത്തോടുകൂടി മറ്റു സംസ്ഥാനങ്ങളിലെ ഹോം ഗാർഡ് സംവിധാനം പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നു.

77. മുഴുവൻ പൊതുസ്വത്തുക്കളും കൈയേറ്റത്തിൽ നിന്നും മുക്തമാക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ പൊതുഭൂമി കൈയേറിയവർക്കെതിരെ ഫലപ്രദവും കർശനവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി

നൽകാനുള്ള എന്റെ സർക്കാരിന്റെ നയത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ 1664 ഏക്കർ ഭൂമി വിതരണം ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

78. സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരണത്തിനുവേണ്ടി 'ഭൂമികേരളം' എന്നറിയപ്പെടുന്ന ഒരു സമഗ്ര പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്, ആയത്, മൂന്ന് വർഷത്തിനകം പൂർത്തീകരിക്കുന്നതാണ്. 2006-ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വെല്ലേഴ്സ് (റെക്കഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ് ) ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന നമ്മുടെ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായി വയനാടും പാലക്കാടും ജില്ലകളിലെ വനഭൂമികളുടെ സർവ്വേ ഈ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുണ്ട്, ആയത് പൂർത്തിയായിവരുന്നു. 2008 ഒക്ടോബർ മുതൽ ഡിസംബർ വരെ നടന്ന 'ഭൂവിതരണ മേള' യിലൂടെ 3937 ഗുണഭോക്താക്കൾക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ 2006-ൽ അധികാരത്തിൽ വന്നതു മുതൽ 26898 പേർക്ക് അവകാശരേഖ നൽകിയതിനുപുറമെ 29066 പാവപ്പെട്ട ഭൂരഹിതർക്കു കൂടി ഭൂമി നൽകിയിട്ടുണ്ട്. എന്റെ സർക്കാർ 1441.75 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. എന്റെ സർക്കാർ കാര്യക്ഷമമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

79. സംസ്ഥാനത്തെ നദികളും നദീതടങ്ങളും സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി, റിവർ മാനേജ്മെന്റ് ഫണ്ടിൻ കീഴിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ഏറ്റവും കുറഞ്ഞത് 150 കോടി രൂപയുടെ പുതിയ പദ്ധതികൾ തുടങ്ങാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യഘട്ടമെന്ന നിലയിൽ, നദികളിൽ നിന്നുമുള്ള നിയമവിരുദ്ധ മണൽഖനനം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി

'എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ഫോഴ്സ്' രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നു.

80. എന്റെ സർക്കാർ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ മൂന്ന് പ്രമുഖ തണ്ണീർത്തട പ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങളിലെ മാലിന്യങ്ങളുടെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ സ്രോതസ്സുകളിൽ ഒരു സമ്പൂർണ്ണ ശുചീകരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പെരിയാർ നദീതടത്തിനുവേണ്ടി ഒരു സമഗ്രസംരക്ഷണ പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. കോട്ടയം മെഡിക്കൽ കോളേജിൽ നിന്നുമുള്ള മലിനജല സംസ്കരണത്തിനുവേണ്ടി ഒരു മാതൃകാ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിക്കുന്നതാണ്.

81. എന്റെ സർക്കാർ, സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ മുസ്ലീം സമുദായത്തെ ഉദ്ധരിക്കുന്നതിന് സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പാലോളി മുഹമ്മദുകുട്ടി (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) യുടെ നേതൃത്വത്തിലുള്ള സമിതി അതിന്റെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിനുകീഴിൽ ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ചിട്ടുണ്ട്. എന്റെ സർക്കാർ മദ്രസ്സാ അദ്ധ്യാപകർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

82. മുസ്ലീം വിദ്യാർത്ഥിനികൾക്ക് ബിരുദ-ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. ഹോസ്റ്റൽ സ്റ്റൈപ്പന്റ് നൽകുന്നതിന് കൂടുതൽ മുസ്ലീം വിദ്യാർത്ഥിനികളെ തെരഞ്ഞെടുക്കുന്നതാണ്. ക്ഷേമനിധിയുടെയും പെൻഷൻ പദ്ധതിയുടെയും കീഴിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ എല്ലാ മദ്രസാ അദ്ധ്യാപകർക്കും നൽകുന്നതിന്

എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത ന്യൂനപക്ഷമേഖലകളിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതാണ്. ഭാരത സർക്കാരിന്റെ ശിപാർശകൾ പ്രകാരം ഒരു ന്യൂനപക്ഷകമ്മീഷനും ഒരു ധനകാര്യ വികസന കോർപ്പറേഷനും സംസ്ഥാനത്ത് രൂപീകരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

83. എന്റെ സർക്കാർ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ പ്രതിവർഷം 20-ൽ നിന്നും 50 ആയി വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്റെ സർക്കാർ കെ.പി.എസ്.സി. മുഖേന എല്ലാ ഒഴിവുകളും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

84. കേരള ജല അതോറിറ്റി ജെ.ബി.ഐ.സി. എയ്ഡഡ് കേരള വാട്ടർ സപ്ലൈ പ്രോജക്ടിൻ കീഴിൽ 5 ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുകയും അവ പൂർണ്ണതോതിൽ പുരോഗമിക്കുകയും അതിന്റെ സിംഹഭാഗം ഈ വർഷം തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഏകദേശം 8 ലക്ഷം പേർക്ക് പ്രയോജനപ്പെടുന്ന 70.87 കോടി രൂപ വരുന്ന റ്റി.ആർ.പി. ജോലികൾ 2009 മാർച്ച് മാസത്തിനു മുൻപ് പൂർത്തീകരിക്കുന്നതാണ്. ഏകദേശം 15 ലക്ഷം പേർക്ക് പ്രയോജനപ്പെടുന്ന 50 വൻകിട ജലവിതരണ പദ്ധതികൾ 2009-2010-ൽ കമ്മീഷൻ ചെയ്യുന്നതാണ്. ഇതിനുപുറമെ, മൂന്ന് ജെ.ബി.ഐ.സി. എയ്ഡഡ് വാട്ടർ സപ്ലൈ സ്കീമുകൾ 2009-2010-ൽ പൂർത്തിയാക്കുന്നതും അതുവഴി അധികമായി 23 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതുമാണ്. 2008 ജൂലൈ-ൽ ജലനയം പ്രഖ്യാപിച്ചു. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ജലവൈദ്യുതപദ്ധതികൾ പൂർത്തിയാക്കാൻ നബാർഡിന്റെ 750 കോടി രൂപ സഹായത്തോടെ ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

85. ഗ്രാമീണ ജലവിതരണവും ശുചീകരണവും മേഖലയിൽ 1200 കോടി രൂപയുടെ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ട

ജലനിധിക്കുള്ള നിർദ്ദേശത്തിന് താമസംവിനാ ലോക ബാങ്ക് അനുമതി നൽകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ സ്കൂളുകളിൽ സൗജന്യ ജലവിതരണം ഉറപ്പാക്കുന്നതിനായി കേന്ദ്രീകൃത സഹായപദ്ധതിയായ 'ജലമണി' അടുത്ത സാമ്പത്തികവർഷം സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്റ്റിലെ പണികളും അടുത്ത സാമ്പത്തികവർഷം തന്നെ പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് 136 അടിക്ക് മുകളിൽ ഉയർത്തുന്നതിനെതിരെ ബന്ധപ്പെട്ട അധികാരികൾക്കുമുൻപാകെ സർക്കാരിന്റെ നിലപാട് ശക്തമായി അവതരിപ്പിക്കുകയും ഇപ്പോഴുള്ള അണക്കെട്ടിനു താഴെയായി ഒരു പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ ജലസേചന പദ്ധതി 2010 വർഷത്തോടെ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ, ചാലിയാർ ഇറിഗേഷൻ പ്രോജക്ട്, മീനച്ചിൽ റിവർ വാലി പ്രോജക്ട്, പമ്പാ ബെയ്സിൻ സ്കീമുകളിലെ പ്രോജക്ടുകൾ എന്നിവിടങ്ങളിൽ ഒരു പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച പരിശോധനയ്ക്കായി അനുമതി നൽകിയിട്ടുണ്ട്. മഴവെള്ള സംഭരണത്തിനും ഭൂജലപരിപോഷണത്തിനും പ്രോത്സാഹനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

86. ഐ. ആന്റ് പി. ആർ.ഡി.-യുടെ നവീകരണത്തിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം ഒരു ഇലക്ട്രോണിക് മീഡിയാ വിഭാഗം രൂപീകരിച്ചു. സമഗ്ര വെബ്സൈറ്റുകൾ നിർമ്മിച്ച് സംസ്ഥാനത്തെ ഓരോ മന്ത്രിക്കും ലഭ്യമാക്കി. വിവരാവകാശ ആക്റ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൗരന്മാർക്കുവേണ്ടി ഒരു സർവ്വീസ് പോർട്ടൽ ഉണ്ടാക്കുകയും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പൊതുജന പരാതി പരിഹാരത്തിനു വേണ്ടിയുള്ള ഒരു പുതുമയേറിയ സംരംഭമായ 'സുതാര്യകേരളം' ആയിരക്കണക്കിന് സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ട് ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്.

മന്ത്രിമാരും പൊതുജനങ്ങളും തമ്മിൽ തത്സമയം സംവദിക്കുന്നതിനുവേണ്ടി ദൂരദർശനിൽ *നവകേരളം* എന്നു വിളിക്കുന്ന ഒരു പുതിയ പ്രതിവാര പരിപാടി എന്റെ സർക്കാർ മുൻകൈയെടുത്ത് ആരംഭിച്ചിട്ടുണ്ട്. **www.kerala.gov.in** എന്ന ഔദ്യോഗിക വെബ് പോർട്ടലിൽ സർവ്വീസ് ഗേറ്റ്‌വേ സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. പോർട്ടലിന്റെ മലയാള ഭാഷ്യം നിർമ്മിക്കുകയും ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

87. മുഖ്യമന്ത്രിയുടെ കഴിവുറ്റതും ഊർജ്ജസ്വലവുമായ നേതൃത്വത്തിൻ കീഴിൽ ഇന്ത്യയിലെ അതിവികസിത സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുന്നതിന് ആവശ്യമായ രാഷ്ട്രീയ ഇച്ഛാശക്തിയും അർപ്പണബോധവും എന്റെ സർക്കാരിന് ഉണ്ടെന്ന് എനിക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്. പീഡിതർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടെ വ്യവസായ വികസനം, ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, സമ്പദ്‌വ്യവസ്ഥയിലെ കാർഷിക പരമ്പരാഗത മേഖലകൾ, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ എന്നീ രംഗങ്ങളിൽ സർക്കാർ കൈക്കൊണ്ട നടപടികൾ കേരളത്തെ വികസനത്തിന്റെയും വളർച്ചയുടെയും സുസ്ഥിരമായ ഒരു പാതയിൽ എത്തിച്ചിട്ടുണ്ട്. വാസ്തവത്തിൽ കേരളം മുൻപെന്നുമില്ലാത്തവിധം ഇപ്പോൾ അതിന്റെ യഥാർത്ഥ കഴിവ് തിരിച്ചറിഞ്ഞ സ്ഥിതിയിലാണ്. വികസനത്തിന്റെ പാതയിൽ രാഷ്ട്രീയ വ്യത്യാസങ്ങൾ പ്രതിബന്ധമാകില്ല എന്ന് നമുക്ക് പ്രതിജ്ഞ എടുക്കാം.

**ജയ് ഹിന്ദ്**